<u>മി. സ്പീക്കർ</u> : ബഹുമാനപ്പെട്ട അംഗങ്ങളുടെ ശ്രദ്ധയ്ക്കുവേണ്ടി പറയുയാണ്. സബ്മിഷനുകൾ ആരംഭിക്കുകയാണ്. ഇന്ന് 35 സബ്മിഷനുകൾ ഉണ്ട്. നിങ്ങൾ തന്നിരിക്കുന്ന ഓരോ വിഷയത്തിനും അടിസ്ഥാനമിട്ട് സംസാരിക്കണമെങ്കിൽ മണിക്കൂറുകളോളം സംസാരിക്കാം. അതുകൊണ്ട് ഒരു മിനിറ്റിൽ കാര്യങ്ങൾ ഒതുക്കണം. ബഹുമാനപ്പെട്ട മന്ത്രിമാർ തീർച്ചയായിട്ടും മറുപടി ചുരുക്കിപ്പറയും.

## സിമന്റ് വില വർദ്ധനവ്

ശ്രീ. അൻവർ സാദത്ത് : സർ, സിമന്റ് വില വർദ്ധനവ് തടയുന്നതിന് സംസ്ഥാന സർക്കാർ ഇടപെടണമെന്നതാണ് ഈ സബ്മിഷൻ. വൻകിട സിമന്റ് കമ്പനികൾ സിമന്റ് വില അടിക്കടി വർദ്ധിപ്പിക്കുന്നതുമൂലം കേരളത്തിലെ കെട്ടിട നിർമ്മാണ മേഖല വളരെ പ്രതിസന്ധിയിലാണ്. 150 രൂപ വിലയുണ്ടായിരുന്ന ഒരു ചാക്ക് സിമന്റിന് ഇന്ന് 360 രൂപയ്ക്ക് മുകളിലാണ് വില. വൻകിട കമ്പനികൾ സിമന്റ് ഉല്പാദനം കുറച്ചുകൊണ്ടാണ് വില വർദ്ധിപ്പിക്കുന്നത്. ഇതിൽനിന്നും മനസ്സിലാക്കാൻ സാധിക്കുന്നത് ഇതിന്റെ പിറകിൽ വലിയൊരു മാഫിയയുടെ പ്രവർത്തനം ഉണ്ടെന്നാണ്. എന്നാൽ സിമന്റ് ഉല്പാദനത്തിന് ആവശ്യമായ അസംസ്കൃത വസ്തുക്കളുടെ വിലയ്ക്ക് യാതൊരു വർദ്ധനവും ഉണ്ടായിട്ടില്ല എന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. അടിക്കടിയുള്ള വിലവർദ്ധനവിനെതിരെ ബിൽഡേഴ്സ് അസോസ്സിയേഷൻ ഓഫ് ഇന്ത്യ, കോമ്പറ്റീഷൻ കമ്മീഷണർ ഓഫ് ഇന്ത്യ മുമ്പാകെ പരാതി നൽകുകയും കോമ്പറ്റീഷൻ കമ്മീഷണർ 11 വലിയ കമ്പനികൾക്ക് 6306 കോടി രൂപയും സിമന്റ് മാനുഫാക്ചറിംഗ് അസോസിയേഷന് 73 ലക്ഷം രൂപയും പിഴയിട്ടിട്ടുള്ളതാണ്. സിമന്റ് കമ്പനികൾ ഇടയ്ക്കിടയ്ക്ക് വില വർദ്ധിപ്പിക്കുന്നത് തടയാൻ സംസ്ഥാന സർക്കാർ കഴിയാവുന്ന എല്ലാ നടപടികളും സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അതുപോലെ സിമന്റ് വില വർദ്ധന തടയാൻ കേന്ദ്ര ഗവൺമെന്റിന്റെ മേൽനോട്ടത്തിലുള്ള വില നിയന്ത്രണ അതോറിറ്റി രൂപീകരിക്കുവാൻ കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്ന കാര്യം സർക്കാർ പരിഗണിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ബഹുമാനപ്പെട്ട മെമ്പർ ശ്രീ. അൻവർ സാദത്ത് പറഞ്ഞത് വളരെ പ്രാധാന്യമുള്ള കാര്യമാണ്. സിമൻരിന്റെയും മണലിന്റെയും വില ഇന്ന് പാവപ്പെട്ടവന് വീട് വയ്ക്കാൻ സാധിക്കാത്ത സാഹചര്യത്തിലേക്ക് എത്തിയിരിക്കുകയാണ്. ഇതിൽ

സംസ്ഥാന ഗവൺമെന്റിന് കാര്യമായി ഒന്നും ചെയ്യാൻ സാധിക്കുന്നില്ല. മലബാർ സിമന്റ്സ് കേരളത്തിലെ സിമന്റ് മാർക്കറ്റിൽ കേവലം എട്ട് ശത മാനം മാത്രമേ വിപണനം ചെയ്യുന്നുള്ളൂ. മലബാർ സിമന്റ്സ് ലിമിറ്റഡ് ഒരു മാർക്കറ്റ് ലീഡർ അല്ല. മാർക്കറ്റ് ട്രെന്റ് അനുസരിച്ചും അസംസ്കൃത വസ്തുക്കളുടെ വിലയും പരിഗണിച്ചാണ് വില നിശ്ചയിക്കുന്നത്. മാർക്കറ്റ് ട്രെന്റ് അനുസരിച്ച് 2012 ജൂൺ മാസത്തിൽ സിമന്റിന് അഞ്ച് രൂപ വില കുറച്ചിരുന്നു. ഇപ്പോൾ യാതൊരു നിയന്ത്രണവുമില്ലാതെ വില വർദ്ധിക്കുകയാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ നിർദ്ദേശം കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് ഗവൺമെന്റ് തയ്യാ റാണ്. അതിനുവേണ്ടി ശ്രമിക്കും. ഇക്കാര്യത്തിൽ ഗവൺമെന്റ് തല ത്തിൽ ചെയ്യാവുന്ന കാര്യങ്ങൾ ചെയ്യും എന്ന് പറയാൻ ആഗ്രഹി ക്കുകയാണ്.

## വാർദ്ധക്യകാല പെൻഷനുള്ള പ്രായപരിധി

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, നിരാലംബരേയും നിരാശ്രയരേയും പ്രാന്തവൽക്കരിക്കപ്പെട്ടവരേയും കൈപിടിച്ച് ഉയർത്തി അവർക്ക് ആശ്വാസവും സഹായവും നൽകുന്നതിൽ പലപ്പോഴും ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയാകാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. പക്ഷെ ഇന്ത്യയിലെ പ്രായംചെന്ന സഹോദരീസഹോദരന്മാർക്ക് കേന്ദ്രസർക്കാർ പ്രഖ്യപിച്ച ആനുകൂല്യം പൂർണ്ണമായ അർത്ഥത്തിൽ അനുഭവവേദ്യമാക്കാൻ നമുക്കിതുവരെ കഴിഞ്ഞിട്ടില്ല. 65-നും അതിനു മുകളിലും വയസ്സ് പ്രായമുള്ള ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരെ സഹായിക്കുന്നതിനുവേണ്ടിയാണ് ഇന്ദിരാഗാന്ധി നാഷണൽ ഓൾഡേജ് പെൻഷൻ പദ്ധതി 2007 -ൽ കേന്ദ്രഗവൺമെന്റ് കൊണ്ടുവന്നത്. ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണി ഈ വർഷം മാർച്ച് 19-ന് അവതരിപ്പിച്ച ബഡ്ജറ്റിൽ പറയുന്നത് 80 വയസ്സ് കഴിഞ്ഞ വൃദ്ധജനങ്ങൾക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന വാർദ്ധക്യകാല പെൻഷൻ കേന്ദ്രഗവൺമെന്റ് അനുവദിക്കുന്ന തുകയും ചേർത്ത് 400 രൂപയിൽനിന്ന് 900 രൂപയായി ഉയർത്തുമെന്നാണ്. ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യപെൻഷൻ പദ്ധതി ആനുകൂല്യത്തിനുള്ള പ്രായപരിധി 65 വയസ്സിൽ നിന്ന് 60 ആയി കുറയ്ക്കാൻ 2011 ജൂണിൽ കേന്ദ്രമന്ത്രിസഭാ യോഗം തീരുമാനിച്ചിരുന്നു. ഇന്ത്യയിലെ നിരവധി സംസ്ഥാനങ്ങൾ ഇത് നടപ്പിലാക്കിയപ്പോൾ നിസ്സംഗത പുലർത്തി കേന്ദ്ര മന്ത്രിസഭയുടെ തീരുമാനത്തോട് പുറംതിരിഞ്ഞു നിൽക്കുവാനേ നമുക്ക് കഴിഞ്ഞിട്ടുള്ളൂ. ബീഹാർ, ഗുജറാത്ത്, ഹരിയാന, ഹിമാചൽപ്രദേശ്, ജമ്മുകാശ്മീർ, ഉത്തർപ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ വാർദ്ധക്യപെൻഷൻ പദ്ധതി ആനുകൂല്യത്തിനുള്ള പ്രായപരിധി 60 ആണ്. രാജസ്ഥാനിൽ പുരുഷന്മാർക്ക് അൻപത്തിയെട്ടും സ്ത്രീകൾക്ക് അൻപത്തിയഞ്ചുമാണ് പ്രായം. പ്രായമായവരെ അവഗണിക്കുന്ന സമൂഹം അതിശക്ത

മാണെന്ന് മനസ്സിലാക്കി അർഹരായ മുഴുവൻ ആളുകൾക്കും ഈ ആനുകൂല്യം ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണമെന്നുള്ളതാണ് എന്റെ ആവശ്യം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് കേന്ദ്രസർക്കാരിന്റെ പരിഷ്കരിച്ച മാനദണ്ഡങ്ങൾ വാർദ്ധക്യകാല പെൻഷന് സ്വീകരിക്കണമെന്നാണ്. ഗവൺമെന്റ് തത്വത്തിൽ അതംഗീകരിക്കുന്നു. കേന്ദ്രസർക്കാരിന്റെ പരിഷ്കരിച്ച മാനദണ്ഡപ്രകാരം വാർദ്ധക്യകാല പെൻഷൻ ഉപഭോക്താക്കളുടെ പ്രായപരിധി 65 വയസ്സിൽനിന്നും 60 വയസ്സായി കുറയ്ക്കുന്നതിനും 80 വയസ്സിനു മുകളിലുള്ളവരുടെ പെൻഷൻ 900 രൂപയായി വർദ്ധിപ്പിക്കുന്നതിനുമുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചുവരികയാണ്. അതിന്റെ എല്ലാ വശങ്ങളും നോക്കി ഇതുസംബന്ധിച്ച് ഒരു തീരുമാനം എടുക്കുന്നതാണ്.

**മരച്ചീനി സംഭരണവും കാര്യക്ഷമമാക്കലും കർഷകർക്ക് സാമ്പത്തിക സഹായവും**

ശ്രീ. ഇ. പി. ജയരാജൻ: സർ, കേരളത്തിലെ മരച്ചീനി കൃഷിക്കാർ അനുഭവിക്കുന്ന പ്രശ്നങ്ങളിലേയ്ക്കാണ് ഗവൺമെന്റിന്റെ ശ്രദ്ധക്ഷണിക്കുന്നത്. ഇന്ന് മരച്ചീനിക്ക് മാർക്കറ്റിൽ വില ലഭിക്കുന്നില്ല. മരച്ചീനി ഇന്ന് ആവശ്യമില്ലാത്ത ഒരു കാർഷികോൽപന്നമായിത്തീർന്നിരിക്കുന്നു. കേരളത്തിൽ ഏതാണ്ട് ഒരു ലക്ഷം ടൺ മരച്ചീനി നശിച്ചുകൊണ്ടിരിക്കുകയാണ്. ഏറ്റവും കൂടുതൽ മരച്ചീനി ഉൽപാദിപ്പിക്കുന്നത് കൊല്ലം ജില്ലയിലാണ്. പതിനായിരത്തിൽപ്പരം ഹെക്ടർ സ്ഥലത്താണ് അവിടെ മരച്ചീനി കൃഷി ചെയ്തുകൊണ്ടിരിക്കുന്നത്. നേരത്തെ വിലത്തകർച്ചയിൽനിന്നും കൃഷിക്കാരെ രക്ഷിക്കാൻ ബഹുമാനപ്പെട്ട മന്ത്രിതന്നെ പങ്കെടുത്തുകൊണ്ട് ഒരു പ്രത്യേക യോഗം വിളിക്കുകയും ഹോർട്ടികൾച്ചർ കോർപ്പറേഷൻ മുഖാന്തിരം സംഭരിക്കാമെന്ന് ഉറപ്പ് നൽകുകയും ചെയ്തിരുന്നതാണ്. കഴിഞ്ഞ അഞ്ച് മാസക്കാലമായി 150 ടൺ മരച്ചീനി മാത്രമേ സംഭരിച്ചിട്ടുള്ളൂ. മുൻപ് ഇത് തമിഴ്നാട്ടിലേയ്ക്കാണ് കയറ്റുമതി ചെയ്തുകൊണ്ടിരുന്നത്. ഇപ്പോൾ തമിഴ്നാട്ടിൽ അതിന്റെ ഉൽപാദനം വർദ്ധിച്ചതിന്റെ ഫലമായി തമിഴ്നാട് മാർക്കറ്റ് ദുർബ്ബലപ്പെട്ടു കഴിഞ്ഞിരിക്കുകയാണ്. ഇപ്പോൾ മൂന്ന് രൂപയാണ് ഒരു കിലോ മരച്ചീനിക്ക് കേരളത്തിലെ കൃഷിക്കാർക്ക് ലഭിക്കുന്നത്. അതുകൊണ്ട് മരച്ചീനി സംഭരിക്കാൻ, കിലോക്ക് പതിനഞ്ച് രൂപയെങ്കിലും വില കൊടുക്കാൻ, മരച്ചീനി ഇവിടത്തെ കന്നുകാലിത്തീറ്റയും കോഴിത്തീറ്റയും നിർമ്മിക്കുന്ന ഫാക്ടറികൾക്ക് അസംസ്കൃത വസ്തുവായി ഉപയോഗിക്കാൻ പറ്റുന്നതാണ്. അത് സംഭരിക്കാനും കൃഷിക്കാരെ സംരക്ഷിക്കാനും നടപടി സ്വീകരിക്കണം. ഇതിന്റെ ഏറ്റവും കൂടുതൽ ദുരിതം അനുഭവിക്കുന്നത് കൊല്ലം ജില്ലയാണ്. ഇരുപത്തിനാല് ശതമാനം മരച്ചീനി കൃഷിക്കാർ കൊല്ലം ജില്ലയിൽ മാത്രമാണ്. ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ബഹുമാനപ്പെട്ട എം.എൽ.എ., ഇ. പി. ജയരാജൻ ഉന്നയിച്ച വിഷയം വളരെ ഗൗരവത്തോടുകൂടിയാണ് സർക്കാർ കാണുന്നത്. കൊല്ലം ജില്ലയിൽ പ്രത്യേകിച്ച് സംസ്ഥാനത്ത് മറ്റ് സ്ഥലങ്ങളിലും മരച്ചീനി ഉൽപാദിപ്പിച്ചുകൊണ്ട് കുറഞ്ഞ വിലയ്ക്ക് മാത്രമേ വിൽപ്പനനടത്താൻ സാധിക്കുന്നുള്ളു എന്നുകണ്ടതിന്റെ പശ്ചാത്തലത്തിൽ, ഇത് മൂന്ന് രൂപവരെയായിരുന്നു ഉണ്ടായിരുന്നത് പന്ത്രണ്ട് രൂപയ്ക്ക് ഹോർട്ടികോർപ്പ് എടുക്കാനുള്ള നടപടികൾ ആരംഭിക്കുകയും നല്ല നിലയിൽ സംഭരിക്കുകയും ചെയ്തിട്ടുണ്ട്. കൂടുൽ അളവിൽ മരച്ചീനി സംഭരിക്കുന്നതിനും സംഭരിച്ച് മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി വിപണനം ചെയ്യുന്നതിനുമായി കോട്ടയം ജില്ലയിലെ കോഴിഫാമിനോട് ചേർന്ന് ഹോർട്ടികോർപ്പിന്റ സ്ഥലത്ത് മരച്ചീനി സംസ്കരണ മൂല്യവർദ്ധിത ഉൽപ്പന്ന യൂണിറ്റ് ആരംഭിക്കുവാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. അതോടൊപ്പം തന്നെ വെട്ടിക്കര പഞ്ചായത്തിലെ സദാനന്ദപുരത്ത് ഒരു സ്റ്റാർച്ച് ഫാക്ടറി ആരംഭിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. അതോടുകൂടി മരച്ചീനിക്ക് കൂടുതൽ വില ലഭിക്കും.

മി. സ്പീക്കർ: ചില അംഗങ്ങളെ ഓർഡർ തെറ്റി വിളിക്കുന്നുണ്ട്. അവരുടെ അഭ്യർത്ഥനകൊണ്ടാണ്. അതിൽ എല്ലാവരും സഹകരിക്കണം.

**കടലാക്രമണം തടയുന്നതിന് കൂടുതൽ പുലിമുട്ടുകൾ സ്ഥാപിക്കൽ**

ശ്രീ. വി. ശിവൻകുട്ടി: സർ, നേമം നിയോജകമണ്ഡലത്തിലെ ഒരു പ്രദേശമാണ് പനത്തുറക്കര. ഇവിടെ അനുഭവപ്പെടുന്ന അതിരൂക്ഷമായ കടലാക്രമണത്തെ ചെറുക്കുവാൻ പത്ത് പുലിമുട്ടുകൾ അടിയന്തരമായി സ്ഥാപിക്കേണ്ടതുണ്ട്. എന്നാൽ നാളിതുവരെ രണ്ട് പുലിമുട്ടുകൾ മാത്രമേ സ്ഥാപിച്ചിട്ടുള്ളൂ. ബാക്കിയുള്ള എട്ട് പുലിമുട്ടുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ചുള്ള 22.29 കോടി രൂപയുടെ പ്രൊപ്പോസൽ ഡൽഹി സെൻട്രൽ വാട്ടർ കമ്മീഷന്റെ സാങ്കേതിക ഉപദേശം ലഭിക്കുന്നതിനായി സംസ്ഥാന വൻകിട ജലസേചന വകുപ്പ് അയച്ചിരിക്കുന്നതായാണ് മനസ്സിലാക്കാൻ കഴിയുന്നത്. അടിയന്തര പ്രാധാന്യമുള്ള ഈ വിഷയത്തിൽ സെൻട്രൽ വാട്ടർ കമ്മീഷനും സംസ്ഥാന വൻകിട ജലസേചന വകുപ്പും വരുത്തുന്ന കാലതാമസം വളരെ കൂടുതലാണെന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ല. പ്രോജക്ട് പ്രൊപ്പോസൽ അയച്ചിട്ട് രണ്ട് വർഷത്തോളം ആകുകയാണ്. അതുകൊണ്ട് പനത്തുറക്കര പ്രദേശത്തേയും തദ്ദേശവാസികളായ ജനങ്ങളേയും ആരാധനാലയങ്ങളേയും കടലാക്രമണത്തിൽനിന്ന് രക്ഷിക്കുന്നതിനായി ഇനി സ്ഥാപിക്കുവാനുള്ള എട്ട് പുലിമുട്ടുകൾകൂടി സ്ഥാപിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുവാൻ സർക്കാർ തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): രൂക്ഷമായ കടലാക്രമണം അനുഭവപ്പെടുന്ന പനത്തുറക്കരയിൽ ഐ.ഐ.റ്റി മദ്രാസ് നടത്തിയ പഠന റിപ്പോർട്ടിലെ പത്ത് പുലിമുട്ടുകൾ നിർമ്മിക്കുന്നതിനുള്ള ശുപാർശയുടെ അടിസ്ഥാനത്തിൽ രണ്ട് പുലിമുട്ടുകളുടെ നിർമ്മാണം പൈലറ്റ് പ്രോജക്ടായി സുനാമി റീഹാബിലിറ്റേഷൻ പ്രോഗ്രാമിൽ ഉൾക്കൊള്ളിച്ച് നടപ്പിലാക്കിയിരുന്നു. ബാക്കി എട്ട് പുലിമുട്ടുകളുടെ നിർമ്മാണത്തിനായുള്ള 14.90 കോടി രൂപയുടെ പ്രോജക്ട് റിപ്പോർട്ട്

തയ്യാറാക്കി സെൻട്രൽ വാട്ടർ കമ്മീഷൻ, കോയമ്പത്തൂരിന് സമർപ്പിച്ചിരുന്നു. ഈ പ്രോജക്ടിന് പതിനൊന്നാം പഞ്ചവത്സര പദ്ധതിയിലെ ഫ്ളഡ് മാനേജ്മെന്റ് പ്രോഗ്രാമിൽ 14.90 കോടി രൂപയുടെ ഭരണാനുമതി 17.06.2010 പ്രകാരം നൽകിയിട്ടുണ്ട്. 2010 ഷെഡ്യൂൾ ഓഫ് റേറ്റ്സ് അനുസരിച്ച് ഡീറ്റെയ്ൽഡ് പ്രോജക്ട് റിപ്പോർട്ട് പുതുക്കി സമർപ്പിക്കാൻ നിർദ്ദേശിച്ചതനുസരിച്ച് റിവൈസ്ഡ് പ്രോജക്ട് റിപ്പോർട്ട് സി.ഡബ്ല്യു.സി -ക്ക് സമർപ്പിക്കുകയും റിവൈസ്ഡ് ഡീറ്റയ്ൽഡ് പ്രോജക്ട് റിപ്പോർട്ട് പ്രകാരമുള്ള എസ്റ്റിമേറ്റ് തുക 15 കോടിയിൽ കൂടുതലായതിനാൽ സി. ഡബ്ല്യു.സി- ഹെഡ് ക്വാർട്ടേഴ്സിൽ സമർപ്പിക്കുവാൻ നിർദ്ദേശം ലഭിക്കുകയും ചെയ്തു. ആയതിൻപ്രകാരം റിവൈസ്ഡ് ഷെഡ്യൂൾ ഓഫ് റേറ്റ്സ് 2010 പ്രകാരം ഡീറ്റയ്ൽഡ് പ്രോജക്ട് റിപ്പോർട്ട് വീണ്ടും പുതുക്കി, 22.29 കോടി രൂപയുടെ പദ്ധതി റിപ്പോർട്ട് സർക്കാരിന്റെ പരിശോധനയിലാണ്.

**വാട്ടർ അതോറിറ്റി ഏറ്റെടുത്ത റോഡുകൾ പി.ഡബ്ള്യു.ഡി-യെ തിരി ച്ചേൽപ്പിക്കുന്നതു സംബന്ധിച്ച്**

ശ്രീമതി ഗീതാ ഗോപി: സർ, നാട്ടിക നിയോജകമണ്ഡലത്തിലെ താന്ന്യം ഗ്രാമപഞ്ചായത്തിലെ വിവിധ പി.ഡബ്ല്യു.ഡി. റോഡുകൾ വെട്ടി പ്പൊളിച്ചിരിക്കുകയാണ്. വാട്ടർ അതോറിറ്റിയുടെ പൈപ്പ്ലൈൻ സ്ഥാപിച്ച് മാസങ്ങൾ കഴിഞ്ഞിട്ടും വാട്ടർ അതോറിറ്റി പി.ഡബ്ല്യു.ഡി.-ക്ക് ഇത് തിരികെ ഏൽപ്പിച്ചിട്ടില്ല. വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥരോട് നിരവധി തവണ ആവശ്യപ്പെട്ടിട്ടും ജനപ്രതിനിധികളും പഞ്ചായത്തും ഉന്നതതല യോഗങ്ങൾ ചേർന്നിട്ടും പരിഹാരം ആയിട്ടില്ല. അവിടത്തെ ജനങ്ങൾ നിരാഹാര സമരം നടത്തിയിട്ടും യാതൊരു നടപടിയും ഉണ്ടായിട്ടില്ല. മഴ പെയ്തതോടെ ഇവിടത്തെ ഗതാഗതം താറുമാറായിരിക്കുകയാണ്. ഈ വിഷയത്തിൽ അടിയന്തരമായി ഇടപെട്ട് നടപടി സ്വീകരിക്കാൻ ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, ഗുരുവായൂർ-ചാവക്കാട് നഗരസഭകൾക്കായുള്ള യുഡിസ്മാറ്റ് പദ്ധതി യുടെ പാക്കേജ് രണ്ടിന്റെ ഭാഗമായുള്ള 450 എം.എം.ഡി.ഐ K9 പൈപ്പു കളാണ് റോഡിലൂടെ സ്ഥാപിച്ചിട്ടുള്ളത്. ഈ പാക്കേജിൽ വെള്ളാനി മുതൽ ഏങ്ങണ്ടിയൂർ വരെ 21.5 കിലോമീറ്റർ പൈപ്പുകളാണ് സ്ഥാപിച്ചിട്ടു ള്ളത്. ഇതിൽ കാരാഞ്ചിറ മുതൽ മുറ്റിച്ചൂർ പാലം വരെയുള്ള 9450 മീറ്റർ ദൂരമാണ് നാട്ടിക നിയോജക മണ്ഡലത്തിലൂടെ കടന്നുപോകുന്നത്. ഇതിൽ കാരാഞ്ചിറ മുസ്ലീം പള്ളിക്ക് താഴെനിന്ന് ദേവ തീയേറ്ററിന് അടുത്ത് വരെയുള്ള താന്ന്യം പഞ്ചായത്ത് റോഡ് 4 കിലോമീറ്റർ ദൂരം സോളിംഗ്, മെറ്റലിംഗ് എന്നിവ ചെയ്തുതീർത്ത് മാർച്ച് മാസത്തിൽ ഗതാ ഗത യോഗ്യമാക്കിയിരുന്നു. ദേവ തിയേറ്റർ മുതൽ പുത്തൻ പീഠിക വഴി മുറ്റിച്ചൂർ പാലം വരെയുള്ള 5.25 കിലോമീറ്റർ ഇപ്പോൾ സോളിംഗ് കഴിഞ്ഞ് ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്. മെറ്റലിംഗ് പണികൾ ഈ വരുന്ന 28-ാം

തീയതിയോടെ പൂർത്തിയാകും. കാരാഞ്ചിറ പാലം മുതൽ മുസ്ലീം പള്ളി വരെയുള്ള 200 മീറ്റർ ദൂരം ആഗസ്റ്റ് 15-ാം തീയിതിക്ക് മുമ്പായി മെറ്റലിംഗ് പണി പൂർത്തിയാക്കും. ടാറിംഗ് ജോലികൾ മഴക്കാലം കഴിഞ്ഞതിനു ശേഷം നവംബർ മാസം അവസാനത്തോടെ തീർക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഇതിനുശേഷം റോഡുകൾ തിരികെ പൊതുമരാമത്ത് വകുപ്പിന് കൈമാറുന്നതാണ്.

**കർഷകർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ**

ശ്രീ. മുല്ലക്കര രത്നാകരൻ : സർ, കേരളത്തിലെ കർഷകർ നേരിടുന്നത് അസാധാരണമായ ഒരു സാഹചര്യമാണ്. ഉത്പാദന ചെലവ്, രാസവളത്തിന്റെ വില വർദ്ധനവും മറ്റ് വർദ്ധനവും മുഖാന്തിരം അനുദിനം വർദ്ധിക്കുകയാണ്. നെല്ലിന് ഗവൺമെന്റ് അടിയന്തരമായി വില വർദ്ധിപ്പിക്കേണ്ടതുണ്ട്. ഗവൺമെന്റ് അതുസംബന്ധമായി ഒരു നിലപാടും സ്വീകരിക്കുന്നില്ല. നെല്ല് എടുത്തതിന്റെ വിലയും നൽകുന്നില്ല. ഇതുകാരണം നെൽകൃഷി മേഖലയിൽ വലിയ പ്രതിസന്ധിയിലാണ്. അതിന്റെ കൂട്ടത്തിലാണ് കാലാവസ്ഥാ വ്യതിയാനംകൂടി വന്നു ചേരുന്നത്. കൊപ്രയുടെയും നാളികേര കൃഷിയുടെയും കാര്യത്തിൽ വലിയ പ്രതിസന്ധി നിലനിൽക്കുകയാണ്. വിലക്കുറവിന്റെ കാര്യത്തിൽ മാത്രമല്ല, നാളികേര കർഷകർ ഉത്പാദിപ്പിക്കുന്ന കൊപ്ര സഹകരണ മേഖല എടുത്താൽ, പലയിടത്തും ഈർപ്പാംശം കൂടുതലുണ്ടെന്ന് പറഞ്ഞ് തിരിച്ചയയ്ക്കുകയാണ് ചെയ്യുന്നത് അതുകൊണ്ട് സഹകരണ മേഖല കൊപ്ര സംഭരിക്കുന്നതിൽ നിന്നും പിൻമാറുകയാണ്. കൊപ്ര സംഭരണത്തിന് താങ്ങുവില പ്രഖ്യാപിക്കുമെന്ന് പറയുന്നത് കേരളത്തിൽ അക്ഷരാർത്ഥത്തിൽ നടപ്പാകാതിരിക്കുകയാണ്. ഈ പ്രശ്നത്തിന്റെ കൂട്ടത്തിലാണ് കേരളത്തിലെ കർഷകർക്ക് കർഷക പെൻഷൻ പ്രഖ്യാപിച്ചത്. കർഷക പെൻഷൻ കൊടുക്കാനുള്ള നടപടികൾ ഇപ്പോഴും സ്വീകരിച്ചിട്ടില്ല. അന്നത്തെ മൂല്യവും കർഷകന്റെ വിഷമവും പരിഗണിച്ച് തുക വർദ്ധിപ്പിച്ച് അടിയന്തരമായി നൽകുകയും അതിന്റെ പരിശോധന ക്രമപ്പെടുത്തി എല്ലാ കുറവുകളും പരിഹരിക്കേണ്ടതുമാണ്. കേരളത്തിലെ കർഷക സംഘടനകൾ ഈ പ്രശ്നങ്ങളെല്ലാം ഉന്നയിച്ചുകൊണ്ട് സെക്രട്ടേറിയറ്റിലേയ്ക്കും കളക്ടറേറ്റിലേയ്ക്കും മാർച്ച് നടത്തുകയാണ്. കർഷക സംഘടനകളുമായി അടിയന്തരമായി ചർച്ച നടത്തി ഒരു തീരുമാനമെടുക്കുന്നതിന് ഗവൺമെന്റ് തയ്യാറാകണം.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി (ശ്രീ. കെ. പി. മോഹനൻ) : സർ, ഇന്നലെ കർഷക സംഘടനകളുടെ യോഗം വിളിച്ചു ചേർത്ത് ഇക്കാര്യങ്ങളെക്കുറിച്ച് ചർച്ച ചെയ്യുകയുണ്ടായി. അടുത്തുതന്നെ, മുൻ മന്ത്രിയായ ബഹുമാനപ്പെട്ട എം.എൽ.എ. മുല്ലക്കര രത്നാകരൻ അടക്കമുള്ള ആളുകളെ പങ്കെടുപ്പിച്ചുകൊണ്ട് വീണ്ടും ഒരു യോഗം വിളിക്കുന്നുണ്ട്. നെല്ലിന്റെ താങ്ങുവിലയെക്കുറിച്ച് പറഞ്ഞു. കേന്ദ്രം ഇപ്പോൾ 12.50 രൂപയാക്കി ഉയർത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി ആലോചിച്ച് ഇത് ഉയർത്താനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. നെല്ല് സംഭരണത്തെക്കുറിച്ച് പറയാനുള്ളത്, ഈ പ്രാവശ്യം പ്രൊഡക്ഷൻ കൂടി, എല്ലാ ജില്ലകളിൽനിന്നും നെല്ല് എടുക്കാനും ആരംഭിച്ചു. അതുകൊണ്ടാണ് പണം കൊടുത്തുതീർക്കാൻ കഴിയാതെ വന്നത്. സപ്ലിമെന്ററി ഗ്രാന്റായി അനുവദിക്കുന്നതിന് 162 കോടി രൂപയുടെ പ്രൊപ്പോസൽ ധനകാര്യ വകുപ്പിന് സമർപ്പിച്ചെങ്കിലും അനുവദിച്ച് കിട്ടിയിട്ടില്ല. അതിനാൽ കുടിശ്ശിക തുക അഡീഷണൽ ഓതറൈസേഷൻ വഴി കണ്ടെത്താനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. 20 കോടി രൂപ 18-06-2012-ൽ സർക്കാർ ഉത്തരവ് പ്രകാരം സപ്ലൈക്ക് കൈമാറിയിട്ടുണ്ട്. മറ്റൊന്ന്, കൊപ്ര സംഭരണമാണ്. കൊപ്ര സംഭരണത്തിന് ഡ്രയറുകൾ കുറവാണ്. അതുകൊണ്ട് കൂടുതൽ ഡ്രയറുകൾ സ്ഥാപിക്കാനാണ് ഇപ്പോൾ ഉദ്ദേശിച്ചിരിക്കുന്നത്. എല്ലാ ബ്ലോക്ക് പഞ്ചായത്ത് അടിസ്ഥാനത്തിലും ഒരു ഡ്രയർ സ്ഥാപിക്കാൻ സർക്കാർ നടപടികൾ ആരംഭിച്ചിട്ടുണ്ട്. അതോടൊപ്പം രണ്ട് സ്ഥലങ്ങളിൽ വച്ച് പച്ചത്തേങ്ങ സംഭരിക്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്. രാസവള വില വർദ്ധനവിനെക്കുറിച്ച് ഇവിടെ ഒരുപാട് ചർച്ചകൾ നടന്നതാണ്. അതിന്റെ ഡീറ്റെയിൽസ് മേശപ്പുറത്ത് വയ്ക്കുന്നതാണ്. കർഷക പെൻഷൻ 400 രൂപയാക്കിയത് കൊടുക്കുന്നതിനുള്ള നടപടികൾ എത്രയും പെട്ടെന്ന് സ്വീകരിക്കുന്നതാണ്. 300 രൂപയായിരുന്നപ്പോഴുണ്ടായിരുന്ന കുടിശ്ശിക ഓണത്തിന് മുമ്പ് കൊടുത്തുതീർക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടു

ണ്ട്. ഒരുപാട് കാര്യങ്ങൾ പറയാനുള്ളതുകൊണ്ട് ഡീറ്റെയിൽസ് മേശപ്പുറത്ത് വയ്ക്കുന്നു.

## കാർഷിക സർവ്വകലാശാലയിലെ തൊഴിലാളികളുടെ പ്രശ്നങ്ങൾ

ശ്രീമതി ഇ. എസ്. ബിജിമോൾ : സർ, കാർഷിക സർവ്വകലാശാലയിലെ പന്ത്രണ്ട് ഫാമുകളിലായി തൊഴിലാളികളെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട സബ്മിഷനാണ് ഞാൻ ഉന്നയിക്കുന്നത്. ഇത് കഴിഞ്ഞ ഒരു വർഷമായി ഗവൺമെന്റിന്റെ മുമ്പിൽ പെന്റിംഗിൽ ഇരിക്കുകയാണ്. നിരവധി തവണ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ അജണ്ട വന്നെങ്കിലും അത് മാറ്റിവയ്ക്കുന്ന സാഹചര്യമാണുണ്ടായത്. 30-10-2011-ൽ ഹൈക്കോടതി ഉത്തരവുണ്ടായിട്ടുപോലും അത് അനുസരിക്കുന്നതിനുള്ള നിലപാട് സർവ്വകലാശാലാ എക്സിക്യൂട്ടീവ് കമ്മിറ്റി സ്വീകരിക്കുന്നില്ല. ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതുമായി ബന്ധപ്പെട്ട് പലപ്പോഴും വളരെയധികം കാലതാമസമുണ്ടായി, കോടതി ഇടപെട്ടതിനെ തുടർന്നാണ് പ്രസിദ്ധീകരിക്കുന്നതിന് മനസ്സ് കാണിച്ചത്. സർവ്വകലാശാലാ എക്സിക്യൂട്ടീവ് കമ്മിറ്റി അത് ചെയ്യാത്ത സാഹചര്യത്തിൽ അങ്ങ് ഇടപെടണമെന്ന് അഭ്യർത്ഥിക്കുന്നു. 15-07-2010 മുതൽ 96 ദിവസ വേതനക്കാർ കാഷ്വൽ തൊഴിലാളികളായി സർവ്വകലാശാലാ ആസ്ഥാനത്ത് ജോലി ചെയ്യുന്നുണ്ട്. അവരെ സ്ഥിരപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന വിഷയവും എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ മുമ്പിൽ പെന്റിംഗാണ്. മണ്ണുത്തി, വെള്ളാണിക്കര ക്യാമ്പസുകളിൽ തൊഴിലാളികളെ നിയമിക്കുവാൻ തീരുമാനിച്ചുവെങ്കിലും അക്കാര്യത്തിലും എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനമെടുത്തിട്ടില്ല. ഈ വിഷയത്തിൽ ബഹുമാനപ്പെട്ട മന്ത്രി ഇടപെടണമെന്ന് അഭ്യർത്ഥിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) : സർ, ബഹുമാന്യയായ എം.എൽ.എ. ഇതിനുമുമ്പ് ഇക്കാര്യങ്ങളെക്കുറിച്ച് വിശദമായ ചർച്ചകൾ നടത്തിയിട്ടുണ്ട്. മണ്ണുത്തിയിലും സർവ്വകലാശാലാ ആസ്ഥാനമായ വെള്ളാണിക്കര ക്യാമ്പസിലും 2010-ൽ കാഷ്വൽ തൊഴിലാളികളായി നിയമിക്കപ്പെട്ടവർ അവാർഡ് തൊഴിലാളികളടക്കമുള്ളവരിൽനിന്നും നിയമിക്കപ്പെട്ടവരാണ്.

അവരെ  കാഷ്വൽ തൊഴിലാളികളായി നിയോഗിച്ച വേളയിൽ നിയമപര മായി പാലിക്കേണ്ട സാമുദായിക സംവരണം പാലിച്ചിരുന്നില്ല. അവരുടെ നിയമന ഉത്തരവിലെ സീനിയോറിറ്റി ക്രമം സാമുദായിക സംവരണ ക്രമമ നുസരിച്ച് മുൻകാല പ്രാബല്യത്തോടെ പുനർ നിർണ്ണയിച്ച് ഉത്തരവാകേ ണ്ടത് സംബന്ധിച്ച വിഷയം സർവ്വകലാശാലാ ഭരണ സമിതിയുടെ പരിഗ ണനയിലാണ്. നിയമന ഉത്തരവിലെ സീനിയോറിറ്റി പുനർ നിർണ്ണയിച്ച് തീരുമാനമാകുന്ന മുറയ്ക്ക് ഇവരെ സ്ഥിരപ്പെടുത്തുന്ന കാര്യം പരിഗണിക്കുന്നതാണ്. മണ്ണുത്തി, വെള്ളാണിക്കര ക്യാമ്പസുകളിൽ കാഷ്വൽ തൊഴിലാളി നിയമനം നടത്തുവാൻ 456-മത് ഭരണ സമിതി യോഗം തീരുമാനിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ഇതുസംബ ന്ധിച്ച വിശദാംശങ്ങൾ പഠിച്ച് രൂപരേഖ സമർപ്പിക്കാൻ ഒരു നാലംഗ സമി തിയും രൂപീകരിച്ചിട്ടുണ്ട്. സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇതുസംബന്ധിച്ച തുടർ നടപടികൾ കൈക്കൊള്ളുന്നതാണ്.

## വിത്ത് തേങ്ങയുടെ വില പുനർ നിർണ്ണയം

ശ്രീ. ഇ. കെ. വിജയൻ : സർ, ലോകത്തിൽ മേൽത്തരം തേങ്ങ ഉൽപ്പാദിപ്പിക്കുന്ന ഒരു കേന്ദ്രമാണ് നാദാപുരം മണ്ഡലത്തിലെ കുറ്റ്യാടി. അവിടെ ഉല്പാദിപ്പിക്കുന്ന തേങ്ങ. കുറ്റ്യാടി തേങ്ങ എന്നാണ് അറിയപ്പെടുന്നത്. അവിടെ നിന്നും വിത്ത് തേങ്ങ ശേഖരിച്ച വകയിൽ കൃഷിക്കാർക്ക് കുടിശ്ശിക കൊടുക്കാനുണ്ട്. അത് ഈയാഴ്ച തന്നെ നൽകണമെന്ന് ആവശ്യപ്പെടുന്നു. അതോടൊപ്പം അതിന്റെ വില പുനർനിർണ്ണയം നടത്തുകയും വേണം. അവിടെനിന്ന് ശേഖരിക്കുന്ന തേങ്ങയ്ക്ക് ഒരു നഴ്സറി ആരംഭിക്കുന്നത് ഡിപ്പാർട്ടുമെന്റിനും കൃഷിക്കാർക്കും ലാഭകരമായിരിക്കും. ഇക്കാര്യം പരിഗണിക്കുമോ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, വിത്തുതേങ്ങ പദ്ധതി പ്രകാരം കോഴിക്കോട് ജില്ലയിൽനിന്നും 4.35 ലക്ഷം വിത്തുതേങ്ങ സംഭരിക്കുന്നതിന് അനുമതി നൽകിയിരുന്നു. ഇതുപ്രകാരം മരുതോങ്കര, കുറ്റ്യാടി, കാവിലമ്പാറ എന്നീ സ്ഥലങ്ങളിൽനിന്നും 3,36,516 വിത്തുതേങ്ങകൾ സംഭരിക്കുകയും അതിന്റെ വിലയായ 67,30,320 രൂപ 491 കർഷകർക്ക് 31-03-2012-ൽ വിതരണം നടത്തുകയും ചെയ്തു. വിത്തുതേങ്ങ സംഭരണ സീസൺ തുടങ്ങുന്നത് ഡിസംബർ - ജനുവരി മാസം മുതൽ അടുത്ത വർഷം ഏപ്രിൽ-മെയ് വരെയാണ്. അതിനാൽ മാർച്ച് 31 വരെ ശേഖരിക്കുന്ന വിത്തുതേങ്ങയുടെ വില അതത് സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് തുകയിൽനിന്നാണ് നൽകിവരുന്നത്. ഇതുപ്രകാരം ഏപ്രിൽ-മെയ് മാസങ്ങളിൽ സംഭരിച്ച 1,50,415 എണ്ണം വിത്തുതേങ്ങയുടെ വിലയായ 30,08,300 രൂപ 150 കർഷകർക്ക് നൽകുന്നതിന് വേണ്ടി 20-07-2012-ൽ വടകര ട്രഷറിയിൽ ബില്ല് ആയി. ആയത് വിതരണം ചെയ്യാനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ഒരാഴ്ചയ്ക്കകം മുഴുവൻ തുകയും വിതരണം ചെയ്യും. കോക്കനട്ട് ബയോ പാർക്കിന്റെ ഭാഗമായി നാദാപുരം മണ്ഡല

ത്തിൽ 50 ഏക്കർ സ്ഥലത്ത് വളരെ നല്ല രീതിയിലുള്ള ഒരു ദേശീയ പദ്ധതികൂടി വരുന്നുണ്ട്.

**കോൾ സംഘങ്ങൾക്ക് ആനുകൂല്യങ്ങൾ**

ശ്രീ. പി. എ. മാധവൻ : സർ, ഈ കഴിഞ്ഞ 21-ാം തീയതി തൃശ്ശൂർ ജില്ലയിലെ കോൾ ഡെവലപ്മെന്റ് ഏജൻസിയുടെ യോഗം വളരെയേറെ മുദ്രാവാക്യങ്ങളും പ്ലക്കാർഡുകളുംകൊണ്ട് മുഖരിതമായിരുന്നു. 2011 ഡിസംബർ 7-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിലെ വാഗ്ദാനങ്ങൾ നിറവേറ്റിയില്ല എന്നതാണ് ആ സമരത്തിന് കാരണം. ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രിയും കൃഷി വകുപ്പുമന്ത്രിയും അന്നേ ദിവസംതന്നെ ബന്ധപ്പെട്ട് താൽക്കാലിക ടെലഫോൺ പരിഹാരമുണ്ടാക്കി. പക്ഷേ ബഹുമാനപ്പെട്ട മുഖ്യമന്ത്രി, 1984 -ൽ ഒരു ഹെക്ടറിന് 350 രൂപ പമ്പിംഗ് സബ്സിഡി ഉണ്ടായിരുന്നത് 750 രൂപയാക്കി. പ്രൊഡക്ഷൻ ബോണസ് 350 രൂപയുണ്ടായിരുന്നത് ആയിരം രൂപയാക്കി. അതുപോലെതന്നെ രണ്ടുകോടി രൂപ, ഒന്നാംഘട്ട കോൾ വികസനത്തിന് ഏറ്റെടുത്ത ഭൂമിയുടെ വില കൊടുക്കാനുള്ളത് കൊടുക്കാമെന്ന് പറഞ്ഞു. അവിടെ നൂറ് കെ.വി.-യുടെ ട്രാൻസ്ഫോർമർ സ്ഥാപിക്കാനുള്ള ധനസഹായത്തിനുവേണ്ടി വാഗ്ദാനം നൽകി. ഒന്നാംഘട്ട വികസനത്തിന് ഭൂമി ഏറ്റെടുത്തതുൾപ്പെടെയുള്ള കാര്യങ്ങളുടെ വാഗ്ദാനം തിരുവനന്തപുരത്ത് മുഖ്യമന്ത്രി വിളിച്ചുകൂട്ടിയ യോഗത്തിലെ തീരുമാനങ്ങളാണ്. അത് നടപ്പായില്ല. 440 കോടി രൂപയുടെ കോൾ വികസന പദ്ധതി അവിടെ പ്രഖ്യാപിച്ചിരിക്കുകയാണ്. ഈ പ്രഖ്യാപനങ്ങളൊക്കെ പ്രഖ്യാപനങ്ങളായി നിൽക്കുകയാണെന്ന പരിഭവത്തിലും സങ്കടത്തിലുമാണ് കൃഷിക്കാർ. അതുപോലെതന്നെ 28 കോടി രൂപ, തൃശ്ശൂർ ജില്ലയിൽ നെല്ലിന്റെ സംഭരണ വില കൃഷിക്കാർക്ക് കിട്ടാനുണ്ട്. ഇത്തരം കാര്യങ്ങൾക്ക് വാഗ്ദാനങ്ങൾക്ക് അപ്പുറത്ത് കൃത്യമായി ഇന്ന ദിവസം ഇന്ന രീതിയിൽ അത് പരിഹരിക്കുമെന്നതിനെക്കുറിച്ച് ഒരു ഉറപ്പ് ഈ സഭയിൽ നൽകണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയോ കൃഷിവകുപ്പുമന്ത്രിയുടെയോ ആത്മാർത്ഥതയിൽ അണുപോലും സംശയമില്ല ഇതിന് പരിഹാരമുണ്ടാകണം.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് വളരെ ആവശ്യമുള്ള കാര്യമായതുകൊണ്ടുതന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുൻകയ്യെടുത്തുകൊണ്ട് ഒരു യോഗം വിളിക്കുകയും ഇവിടെ പറഞ്ഞ രീതിയിലുള്ള തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്. തീരുമാനം ഇവിടെ പറഞ്ഞതുകൊണ്ട് ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. അതുപ്രകാരം ഉൽപ്പാദന ബോണസ് ഇപ്പോൾ നിലവിലുള്ള നിരക്കായ ഹെക്ടറിന് 350 രൂപയിൽനിന്ന് 1000 രൂപയായി ഉയർത്തുകയും പമ്പിംഗ് സബ്സിഡി ഹെക്ടറിന് 750 രൂപയായി ഉയർത്തിക്കൊണ്ടും ഉത്തരവായിട്ടുണ്ട്. രാജമുട്ടുവടവിൽ 100 കെ. വി. ട്രാൻസ്ഫോർമർ സ്ഥാപിക്കാനുള്ള ചെലവ് കൃഷി വകുപ്പ് വഹിക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ടും തൃശ്ശൂർ ഒന്നാംഘട്ട വികസനത്തിനായി ഭൂമിയേറ്റെടുത്ത വകയിൽ കർഷകർക്ക് കിട്ടാനുള്ള ഭൂമിയുടെ വില സംബന്ധിച്ച റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കാൻ തൃശ്ശൂർ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകുന്നത് സംബന്ധിച്ച വിഷയത്തിന്മേൽ ധനകാര്യ വകുപ്പിന്റെ അംഗീകാരം കൂടി ലഭിച്ചിട്ടുണ്ട്. തുക ഉടൻ നൽകുന്നതാണ്. ഇന്നലെയാണ് ഓർഡർ ആയത്.

**മേഴ്സിക്കുട്ടൻ അക്കാദമിക്ക് ധനസഹായവും സന്തോഷ് ട്രോഫി ടീം ക്യാപ്റ്റന് സ്ഥലം അനുവദിക്കലും**

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, ഒളിമ്പിക്സ് ആരംഭിക്കുന്നതിന് ഇനി മൂന്നു ദിവസം മാത്രമേയുള്ളൂ. രാജ്യത്തിന്റെയും സംസ്ഥാനത്തിന്റെയും യശസ്സ് ഉയർത്തിയ മുൻ താരങ്ങളെ ഓർക്കാനുള്ള അവസരമാണിത്. ശ്രീമതി മേഴ്സിക്കുട്ടനും മുരളിക്കുട്ടനും ചേർന്ന് എറണാകുളത്ത് ആരംഭിച്ച അക്കാദമിയാണ് മേഴ്സിക്കുട്ടൻ അക്കാദമി. ഡോ. തോമസ് ഐസക്കിന്റെ കാലത്ത് അതിന് 20 ലക്ഷം രൂപ ഗ്രാന്റ് കൊടുത്തിരുന്നു. കഴിഞ്ഞ വർഷവും 25 ലക്ഷം രൂപ ഗ്രാന്റായി കൊടുത്തിട്ടുണ്ട്. ഇത് അനന്തമായി കൊടുക്കണമെന്ന് ഞാൻ പറയില്ല. പക്ഷേ അടുത്ത രണ്ട് വർഷം കൂടി അവരെ സഹായിക്കണം. 14 കുട്ടികൾക്ക് കോച്ചിംഗ് കൊടുക്കുന്ന ഒരു സംവിധാനമാണ് അത്. ഞാൻ മാത്രമല്ല സർവ്വശ്രീ ഹൈബി ഈഡനും ലൂഡി ലൂയിസും ഈ ആവശ്യം ഉന്നയിക്കുകയാണ്. 2004-ലാണ് കേരളം അവസാനമായി സന്തോഷ് ട്രോഫി നേടിയത്. അന്നത്തെ ക്യാപ്റ്റനായിരുന്ന ശ്രീ. ഇഗ്നേഷ്യസിന്റെ ബൂട്ടിലൂടേയാണ് ഈ ട്രോഫി നേടിയത്. അദ്ദേഹം ഭവനരഹിതനാണ്.

മി. സ്പീക്കർ: മേഴ്സിക്കുട്ടൻ അക്കാദമിയാണോ പ്രശ്നം, ഇഗ്നേഷ്യസിന്റേതാണോ പ്രശ്നം.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, രണ്ടും ഉണ്ട്. ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരുന്നപ്പോൾ ഞാനുംകൂടി മുൻകയ്യെടുത്ത് സ്ഥലം കൊടുത്തതാണ്. പക്ഷേ പിന്നീട് അദ്ദേഹത്തിന് സ്ഥലം കൈവശം കിട്ടിയില്ല. അതുകൊണ്ട് ഇഗ്നേഷ്യസിന് വീട് വയ്ക്കാൻ അടിയന്തരമായി സ്ഥലം കൊടുക്കണമെന്നുകൂടി ഞാൻ അഭ്യർത്ഥിക്കുന്നു. ലണ്ടൻ ഒളിമ്പിക്സ് ആരംഭിക്കുന്ന ഈ അവസരത്തിൽ കായിക ലോക

ത്തോട് നമുക്ക് ചെയ്യാൻ കഴിയുന്ന ഏറ്റവും വലിയ സംഭാവനയായിരിക്കും ഇത്.

വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): സർ, മുൻ കായിക താരങ്ങളോട് ഏറ്റവും ആദരവുള്ള സർക്കാരാണ് ഇത്. ഈ സർക്കാർ വന്നതിനുശേഷം ഫുട്ബോൾ താരമായ, കേരളത്തിന്റെ അഭിമാനമായ വി. പി. സത്യന് മരണാനന്തര ബഹുമതിയായി അർജ്ജുനാ അവാർഡ് നൽകണമെന്ന് ശുപാർശ ചെയ്തിട്ടുണ്ട്. അതിന്റെ അവസാനഘട്ട പരിശോധനകൾ കേന്ദ്രസർക്കാർ നടത്തുകയാണ്. എറണാകുളം ജില്ലയിലെ തേവരയിൽ പ്രവർത്തിക്കുന്ന മേഴ്സിക്കുട്ടൻ അത്‌ലറ്റിക് അക്കാദമിയിലെ കുട്ടികൾക്ക് പരിശീലനം നൽകാൻ 2010 –11-ലും 2011–12- ലും 20 -ഉം, 25 -ഉം ലക്ഷം രൂപ വീതം കൊടുത്തിട്ടുണ്ട്. പഴയ താരങ്ങൾ അവരുടേതായിട്ടുള്ള അക്കാദമികൾ തുടങ്ങാനായി അപേക്ഷിക്കുന്നുണ്ട്. സ്പോർട്ട്സ് വകുപ്പിന്റെ പണം ഇങ്ങനെ പല വ്യക്തികൾക്കായി കൊടുക്കുന്നത് ശരിയല്ലെന്ന വകുപ്പിന്റെ ഒരു നിലപാടിന്റെ ഭാഗമായി സർക്കാർ തന്നെ സ്പോർട്ട്സ് കൗൺസിലിന്റെ കീഴിൽ ഒരു എലൈറ്റ് അക്കാദമി തുടങ്ങാൻ നടപടി സ്വീകരിച്ചു. ഇത് തുടങ്ങാനുള്ള ഉത്തരവായിട്ടുണ്ട്. എലൈറ്റ് അക്കാദമി വരുന്നതോടുകൂടി കേരളത്തിന്റെ എല്ലാ ഭാഗത്തുമുള്ള സമർത്ഥരായ അത്‌ലറ്റിക്സ് വിഭാഗത്തിലേയും മറ്റ് വിഭാഗങ്ങളിലേയും കുട്ടികളെ ഈ അക്കാദമിയുടെ കീഴിൽ കൊണ്ടുവരാനും സൗജന്യമായി ഭക്ഷണവും താമസവും നൽകുവാനും മികവുറ്റ കായിക പ്രതിഭകളെയും കോച്ചുകളെയും കൊണ്ടുവന്ന് അവർക്ക് ഇന്റർനാഷണൽ ലെവലിൽ ട്രെയിനിംഗ് കൊടുക്കാനുള്ള സംവിധാനമാണ് എലൈറ്റ് അക്കാദമി കൊണ്ട് ഉദ്ദേശിക്കുന്നത്. അത് നടപ്പിൽവരുന്നതുകൊണ്ട് വ്യക്തികളുടെ അക്കാദമിക്ക് പണം കൊടുക്കാനുള്ള ബുദ്ധിമുട്ടുണ്ട്. രണ്ട് വർഷം കൊടുത്തു, തുടർന്ന് കൊടുക്കാൻ ബുദ്ധിമുട്ടുണ്ട് എന്ന വസ്തുത അറിയിക്കുകയാണ്. 2004-ലെ

സന്തോഷ് ട്രോഫിയിൽ കിരീടം നേടിയ ശ്രീ. ഇഗ്നേഷ്യസ് സിൽവസ്റ്ററെക്കുറിച്ച് ബഹുമാനപ്പെട്ട അംഗം പറയുകയുണ്ടായി. അദ്ദേഹം കേരളത്തിന്റെ അഭിമാനമാണ്. അദ്ദേഹത്തിന്റെ ഗോളിലൂടെയാണ് സന്തോഷ് ട്രോഫി നേടിയത്. അത്രയും സമർത്ഥനായ ആൾ ജീവിതത്തിൽ ബുദ്ധിമുട്ടുകയാണെന്നത് വളരെ ശരിയാണ്. സ്വന്തമായി ഭൂമിയില്ലാതെ അദ്ദേഹം വളരെ ബുദ്ധിമുട്ടുന്നതുകൊണ്ട് അദ്ദേഹത്തിന് 5 സെന്റ് ഭൂമി സർക്കാർ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് സംസ്ഥാന സ്പോർട്ട്സ് കൗൺസിൽ സെക്രട്ടറിയുടെ ശുപാർശ റവന്യൂ വകുപ്പിന്റെകൂടി അനുമതി വാങ്ങിക്കൊണ്ട് മന്ത്രിസഭയുടെ പരിഗണനയ്ക്കായി അയയ്ച്ചിട്ടുണ്ട്. റവന്യൂ വകുപ്പിൽനിന്നും മന്ത്രിസഭയുടെ പരിഗണനയ്ക്കായി വരുമ്പോൾ തീർച്ചയായും ഭൂമി അനുവദിച്ചുകൊടുക്കാൻ കഴിയും. ഇക്കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടേയും ശ്രദ്ധയിൽ കൊണ്ടുവരുമെന്ന് അറിയിക്കുകയാണ്.

## വള്ളത്തോൾ നഗർ റെയിൽവേസ്റ്റേഷൻ വികസന പ്രവർത്തനങ്ങൾ

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, വള്ളത്തോളിന്റെ നാമധേയത്തിൽ അറിയപ്പെടുന്ന റെയിൽവേ സ്റ്റേഷനാണ് വള്ളത്തോൾ നഗർ റെയിൽവേ സ്റ്റേഷൻ. ഈ റെയിൽവേ സ്റ്റേഷന്റെ വികസനവുമായി ബന്ധപ്പെട്ടുകൊണ്ടാണ് ഞാൻ സബ്മിഷൻ ഉന്നയിക്കുന്നത്. തിരുവനന്തപുരം റെയിൽവേ ഡിവിഷന്റെ അവസാനത്തെ സ്റ്റേഷനെന്ന നിലയ്ക്കും ബ്രിട്ടീഷുകാരുടെ കാലം മുതൽതന്നെ പ്രാധാന്യമുള്ളതാണ് വള്ളത്തോൾ നഗർ റെയിൽവേ സ്റ്റേഷൻ. ഷൊർണ്ണൂർ ജംഗ്ഷൻ വഴിയല്ലാതെ പാലക്കാട് വഴികളിലൂടെ പോകുന്ന ഏകദേശം 82 ട്രെയിനുകൾ അതുവഴി കടന്നു പോകുന്നുണ്ട്. അതിൽ 3 ജോഡി ട്രെയിനുകൾക്കു മാത്രമാണ് അവിടെ സ്റ്റോപ്പുള്ളത്. അന്തർദ്ദേശീയ പ്രാധാന്യമുള്ള കേരളകലാമണ്ഡലം ഉൾപ്പെടെ നിരവധി എഞ്ചിനീയറിംഗ് കോളേജുകൾ, ആയൂർവേദ മെഡിക്കൽ കോളേജ്, നാഷണൽ പഞ്ചകർമ്മ ഇൻസ്റ്റിറ്റ്യൂട്ട്, പാരമ്പര്യമായിട്ടുള്ള ആയൂർവേദ കേന്ദ്രങ്ങളെല്ലാം ഉൾപ്പെടുന്ന ഒരു പ്രദേശമാണ് അത്. ധാരാളം യാത്രക്കാർ ദിവസവും വന്നുപോകുന്ന പ്രദേശവുമാണ്. വള്ളത്തോൾ നഗർ റെയിൽവേ സ്റ്റേഷന്റെ വികസനവുമായി ബന്ധപ്പെട്ടുകൊണ്ട് നിരവധി നിവേദനങ്ങൾ കേന്ദ്രസംസ്ഥാന ഗവൺമെന്റുകൾക്ക് സമർപ്പിച്ചിട്ടുണ്ട്. ഈ അടുത്ത ദിവസം തിരുവനന്തപുരം ഡി.ആർ.എം. ആ സ്റ്റേഷൻ സന്ദർശിക്കുകയും അതിന്റെ പോരായ്മകളെ സംബന്ധിച്ച് മനസ്സിലാക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ കൂടി ഇടപെടലുണ്ടെങ്കിൽ തീർച്ചയായും വള്ളത്തോൾ നഗർ റെയിൽവേ സ്റ്റേഷൻ മെച്ചപ്പെടുത്താൻ കഴിയും. ഇപ്പോൾ ട്രെയിനുകൾ നിർത്താനുള്ള പ്രധാന തടസ്സം പ്ലാറ്റ്ഫോമുകളുടെ നീളക്കുറവും ഉയരക്കുറവുമാണ്. ഷെൽട്ടറും മറ്റു സൗകര്യങ്ങളുമില്ലാത്തതാണ് ട്രെയിനുകൾ നിർത്താൻ ഇപ്പോൾ തടസ്സമായിട്ടുള്ളത്. സ്ഥലവും മറ്റ് ഭൗതിക സൗകര്യങ്ങളും അവിടെയുണ്ട്. അതുകൊണ്ട് വള്ളത്തോൾ നഗർ റെയിൽവേ സ്റ്റേഷന്റെ

സൗകര്യങ്ങൾ വർദ്ധിപ്പിച്ചുകൊണ്ട് കൂടുതൽ ട്രെയിനുകൾ അവിടെ നിർത്താനും ആ സ്റ്റേഷനെ അഭിവൃദ്ധിപ്പെടുത്താനും ആവശ്യമായ നട പടി സ്വീകരിക്കുന്നതിന് കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ അഭ്യർത്ഥിക്കുകയാണ്.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, പാലക്കാട്ടേയ്ക്കുള്ള പല ട്രെയിനുകളും വള്ളത്തോൾ നഗർ വഴിയാണ് പോകുന്നത്. അതിൽ പല ട്രെയിനുകളും അവിടെ നിർത്തു ന്നില്ല. അത് ഷൊർണ്ണൂരും ടച്ച് ചെയ്യാതെയാണ് പോകുന്നത്. അതു കൊണ്ട് ഷൊർണ്ണൂർ പ്രദേശത്തുള്ള ആളുകൾക്കുകൂടി പ്രയോജനകരമാ യിരിക്കും വള്ളത്തോൾ നഗർ സ്റ്റേഷൻ. ഈ സ്റ്റേഷന് റൂഫ് സ്ഥാപി ക്കേണ്ടതും ലൈൻ നീട്ടേണ്ടതുമുണ്ട്. ഇത്തരത്തിലുള്ള കാര്യങ്ങളാണ് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത്. ഇത് വളരെ ന്യായമായിട്ടുള്ള കാര്യ മാണ്. അത് കേന്ദ്ര ഗവൺമെന്റിന്റേയും റെയിൽവേ ബോർഡിന്റേയും ശ്രദ്ധയിൽ കൊണ്ടുവരുന്നതാണ്.

## കെ. എസ്. ഇ.ബി. ഭൂമി ലീസ് അടിസ്ഥാനത്തിൽ വിട്ടുകൊടുക്കുന്നതിന് നടപടി

ശ്രീ. ജോസഫ് വാഴക്കൻ: സർ, മൂവാറ്റുപുഴ നിയോജകമണ്ഡലത്തിൽ പായിപ്ര ഗ്രാമപഞ്ചായത്തിലെ പേഴയ്ക്കാപ്പള്ളിയിലെ എം.സി. റോഡിന് സൈഡിലുള്ള കെ.എസ്.ഇ.ബി. സബ് സ്റ്റേഷന് അനുവദിച്ച 17 ഏക്കറോളം ഭൂമി ബോർഡിന്റെ വകയായിട്ടുണ്ട്. ഇതിൽ സബ്സ്റ്റേഷനു വേണ്ടി 2 ഏക്കറും ക്വാർട്ടേഴ്സിനുവേണ്ടി 8 ഏക്കറും ഭൂമി ഉപയോഗപ്പെടുത്തിയിട്ടുണ്ട്. ഇപ്പോൾ ഒരു ത്രീ ഫീഡർ എക്സ്പാൻഷനുവേണ്ടി അര ഏക്കറോളം ഭൂമിയെടുക്കുന്നതിനുള്ള ഒരു പ്രൊപ്പോസൽ ഉണ്ടെന്ന് കേൾക്കുന്നു. ബാക്കി 6 ഏക്കറോളം ഭൂമി യാതൊരുവിധത്തിലും പ്രയോജനപ്പെടുത്താതെ തരിശ്ശായി കിടക്കുകയാണ്. ഇത് ഇലക്ട്രിസിറ്റി ബോർഡിന് മറ്റ് പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിന് ഉപയോഗപ്പെടുത്തുന്നില്ലെങ്കിൽ പായിപ്ര ഗ്രാമപഞ്ചായത്തിന് ഒരു സ്റ്റേഡിയം-കം-അഗ്രിക്കൾച്ചറൽ മാർക്കറ്റ് നിർമ്മിക്കുന്നതിന് ലീസ് അടിസ്ഥാനത്തിൽ കൊടുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ 17 ഏക്കറോളം ഭൂമിയുണ്ട്. പക്ഷേ അവിടെയിപ്പോൾത്തന്നെ കെ.എസ്.ഇ.ബി.-യുടെ 110. കെ.വി. ലൈനുണ്ട്. ഇത് 220 കെ.വി. ലൈൻ ആക്കാൻവേണ്ടി ശ്രമിക്കുകയാണ്. വേറെയും ചില എക്സ്പാൻഷൻസ് ഇലക്ട്രിസിറ്റി ബോർഡ് ഉദ്ദേശിക്കുന്നുണ്ട്. ട്രെയിനിംഗ് സെന്ററും ബാക്കിയുള്ള കാര്യങ്ങളുമൊക്കെ മൂവാറ്റുപുഴയുടെ വളർച്ചയ്ക്ക് വളരെ പ്രയോജനകരമായിരിക്കുമെന്നതിൽ സംശയമില്ല. അതുകൊണ്ട് ഇതെല്ലാം കഴിഞ്ഞ് വല്ലതും ബാക്കിയുണ്ടെങ്കിൽ ആ സന്ദർഭത്തിൽ പരിശോധിക്കാവുന്നതാണ്.

## റൂറൽ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്

ശ്രീമതി പി. അയിഷാ പോറ്റി: സർ, കൊട്ടാരക്കര ആസ്ഥാനമാക്കി ഒരു റൂറൽ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് ആരംഭിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ചാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. എം.സി. റോഡും എൻ.എച്ച്. 744-ഉം കടന്നുപോകുന്നതും ഏറ്റവും കൂടുതൽ അപകടങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുന്നതും, അപകടങ്ങൾ നടന്നുകൊണ്ടിരിക്കുന്നതുമായ കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ താലൂക്ക് ആസ്ഥാനമാക്കി ഒരു റോഡ് ട്രാൻസ്പോർട്ട് ഓഫീസ് എത്രയും വേഗത്തിൽ സ്ഥാപിക്കാൻ ഗവൺമെന്റ് സഹായിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. റൂറൽ എസ്.പി. ഓഫീസ് ഉൾപ്പെടെ ഇവിടെയാണുള്ളത്. അതുകൊണ്ട് ഇതുകൂടി അവിടെ സ്ഥാപിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, മോട്ടോർ വെഹിക്കിൾസിന്റെ എണ്ണവും ബാക്കിയുള്ള കാര്യങ്ങളുമൊക്കെ പരിശോധിച്ച് നോംസിന്റെ അടിസ്ഥാനത്തിലാണ് ചെയ്യുന്നത്. ഈ പറയുന്ന പ്രദേശത്ത് കൂടുതൽ അപകടമുണ്ടെങ്കിൽ അത് പരിശോധിച്ച് അതിനുള്ള നടപടികളെക്കുറിച്ച് ആലോചിക്കാം. ഇത്തരത്തിലുള്ള ഒരു ഓഫീസ് തുറക്കുന്ന കാര്യം ഇപ്പോൾ ആലോചനയിലില്ല. എന്നാലും ബാക്കിയുള്ള സ്ഥലങ്ങൾ കൂടി കണക്കിലെടുത്ത് ആലോചിക്കുമ്പോൾ ഇതും ആലോചിക്കാവുന്നതാണ്.

## രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ പ്രവർത്തനങ്ങൾ

ശ്രീ. എം. വി. ശ്രേയാംസ്കുമാർ: സർ, വിദ്യാഭ്യാസ കാര്യത്തിൽ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയുള്ള ഒരു ജില്ലയാണ് വയനാട്. അതുകൊണ്ട് ഹയർ സെക്കന്ററി തലത്തിൽ ഗുണപരമായ വിദ്യാഭ്യാസം എല്ലാ വിദ്യാർത്ഥികൾക്കും ഉറപ്പാക്കാൻ വേണ്ടി അവിടെ രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ (RMSA) നടപ്പാക്കി വരുന്നുണ്ട്. വയനാട് ജില്ലയിൽ മൂന്ന് നിയോജകമണ്ഡലങ്ങളിൽ എന്റെ നിയോജകമണ്ഡലമായ കൽപ്പറ്റയിൽ രണ്ടും സുൽത്താൻ ബത്തേരിയിൽ ആറും മാനന്തവാടിയിൽ നാലും സ്കൂളുകളാണ് തെരഞ്ഞെടുത്തിരിക്കുന്നത്. ഈ സ്കൂളുകളുടെ കെട്ടിട നിർമ്മാണം, ഭൗതിക സാഹചര്യങ്ങളുടെ മെച്ചപ്പെടുത്തൽ, ഭാഷാ അദ്ധ്യാപകരുടെ നിയമനം എന്നിവ നാളിതുവരെ നടന്നിട്ടില്ല. പ്രധാനപ്പെട്ട ഒരു വിഷയം, ഭൗതിക സൗകര്യങ്ങൾ ഒരുക്കുന്നതിന് ഓരോ വിദ്യാലയങ്ങൾക്കും 58.12 ലക്ഷം രൂപയുടെ ഗ്രാന്റ് കേന്ദ്ര സർക്കാരിൽ നിന്ന് ലഭിച്ചിട്ടുണ്ട്. അതിന്റെ 40 ശതമാനം പണം ഇവിടെ കിട്ടുകയും ചെയ്തു. ഇപ്പോഴത്തെ നോംസ് പ്രകാരവും പി. ഡബ്ല്യു.ഡി. പുതിയ റേറ്റ് പ്രകാരവും ഈ സ്കൂളിന് പദ്ധതി നടപ്പിലാക്കാൻ വേണ്ടി 90 ലക്ഷം രൂപ വേണം. ബാക്കി വന്ന 4 കോടി രൂപ സംസ്ഥാന സർക്കാർ നൽകിയില്ലെങ്കിൽ ഈ പണം മുഴുവൻ ലാപ്സായിപ്പോകും. അത് പരിഹരിക്കാൻ വേണ്ടി അടിയന്തരമായ നടപടി സ്വീകരിക്കണം. അതുപോലെ അദ്ധ്യാപകരുടെ നിയമനം മുതലായ കാര്യങ്ങളെല്ലാം പെട്ടെന്ന് നടത്തി ഈ പദ്ധതി നഷ്ടപ്പെടാതിരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, 2009 –10 വർഷത്തിൽ അപ്ഗ്രേഡ് ചെയ്ത 60 സ്കൂളുകളുടെ കൂട്ടത്തിൽ ഉൾപ്പെട്ടതാണ് വയനാട് ജില്ലയിലെ മൂന്ന് നിയോജകമണ്ഡലങ്ങളിലായി

സ്ഥിതി ചെയ്യുന്ന 12 സ്കൂളുകൾ. ഓരോ സ്കൂളുകളുടെയും കെട്ടിട നിർമ്മാണത്തിനായി 58.12 ലക്ഷം രൂപ ഒരോ സ്കൂളിനും കേന്ദ്രഗവൺമെന്റ് ഫണ്ട് അനുവദിച്ചിട്ടുണ്ട്. അതിൽ ഓരോ സ്കൂളിനും 20 ലക്ഷം രൂപ അനുവദിച്ച് സ്കൂൾ മാനേജ്മെന്റ് ആന്റ് ഡവലപ്മെന്റ് കമ്മിറ്റികളുടെ പേരിലുള്ള അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. ഈ തുക ചെലവഴിക്കുന്നതിന് പ്ലാൻ, എസ്റ്റിമേറ്റ്, ഏത് ഏജൻസിയാണ് ചെലവഴി ക്കുന്നത് തുടങ്ങിയ വിവരങ്ങൾ മുൻകൂട്ടി നൽകേണ്ടതുണ്ട്. കൂടാതെ 58.12 ലക്ഷം രൂപയ്ക്ക് 10 ക്ലാസ് റൂമുകൾ, ലാബ്, ലൈബ്രറി, കമ്പ്യൂട്ടർ റൂം, ആർട്ട് റൂം, എച്ച്.എം. റൂം, ഓഫീസ് റൂം, ഗേൾസ് ആക്റ്റിവിറ്റി റൂം എന്നിവ നിർമ്മിക്കുന്നതിന് ഈ ഫണ്ട് മതിയാകാതെ വന്നതിനാൽ കഴിഞ്ഞ ജൂൺ 24-ാം തീയതി വിദ്യാഭ്യാസ വകുപ്പുമന്ത്രി, പൊതുമരാമത്ത് വകുപ്പുമന്ത്രി, പഞ്ചായത്ത് വകുപ്പുമന്ത്രി, പൊതുവിദ്യാഭ്യാസ സെക്രട്ടറി, പൊതു വിദ്യാഭ്യാസ ഡയറക്ടർ, ആർ.എം.എസ്.എ. ഡയറക്ടർ, ആർ. എം.എസ്.എ. ഓഫീസേഴ്സ് എന്നിവർ യോഗം ചേരുകയും തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹായത്താൽ കെട്ടിടം പണി പൂർത്തിയാക്കാൻ തീരു മാനിക്കുകയും ചെയ്തു. നടപടിക്രമങ്ങൾ പൂർത്തിയാക്കുന്ന മുറയ്ക്ക് കെട്ടിടം പണി തുടങ്ങാനുള്ള നിർദ്ദേശം കൊടുക്കുന്നതാണ്. ആർ.എം.എ സ്.എ. പ്രകാരം രണ്ട് ഭാഷാവിഷയങ്ങൾക്കാണ് അനുമതി ലഭിച്ചിട്ടുള്ളത്. കേരള സംസ്ഥാനം ത്രിഭാഷാ പദ്ധതിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന വിവരം കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്. 26-2-2011-ലെ ജി.ഒ (എം.എസ്) നമ്പർ 59/2011/ പൊതുവിദ്യാഭ്യാസ വകുപ്പ് പ്രകാരം ജില്ലാ ഓഫീസുകൾ തുടങ്ങുമെന്നും 2010-11 വർഷത്തെ ഫണ്ട് ലഭിച്ചശേഷം സ്റ്റാഫിനെ നിയമിക്കണമെന്നും നിർദ്ദേശമുണ്ട്. എന്നാൽ അന്തിമ തീരുമാ നമായിട്ടില്ല. ജില്ലാ ഓഫീസുകൾ തുടങ്ങുന്ന കാര്യം പരിഗണനയിലാണ്.

## ഡിവിഷനുകൾക്ക് ആനുപാതികമായി തസ്തിക സൃഷ്ടിക്കൽ

ശ്രീ. സി. ദിവാകരൻ : സർ, കരുനാഗപ്പള്ളി മണ്ഡലത്തിലാണ് കേരളത്തിലെ ഏറ്റവും കൂടുതൽ വിദ്യാഭ്യാസ സ്ഥാപനങ്ങളും വിദ്യാർത്ഥികളുമുള്ളത്. അവിടെ പ്രശസ്ത വിജയം കരസ്ഥമാക്കിക്കൊണ്ടിരിക്കുന്ന ഗവൺമെന്റ് ഹൈസ്കൂളിൽ ഈ കഴിഞ്ഞ ഒരു വർഷത്തിനിടയിൽ 9 ഡിവിഷനുകൾ വർദ്ധിച്ചു. 700 കുട്ടികൾ പുതുതായി പ്രവേശനം നേടി. അവിടെ ഇതുവരെ അദ്ധ്യാപക പാക്കേജ് പ്രകാരം പുതുതായി ടീച്ചേഴ്സിനെ കിട്ടിയിട്ടില്ല. രാവിലെ ബെല്ലടിക്കുമ്പോൾ കുട്ടികൾ ക്ലാസ്സിൽ വന്ന് വെറുതേയിരിക്കുകയാണ്. ഉന്നത വിജയം നേടുന്ന സ്കൂളാണ്. ആ സ്കൂളിലേയ്ക്ക് കുറച്ച് അദ്ധ്യാപകരെ നിയമിക്കാൻ വേണ്ടി ഈ സഭയുടെ സമയം എടുക്കുന്നത് വളരെ ദയനീയമായ അവസ്ഥയാണ്. ഇത് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി പരിഗണിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) : സർ, കരുനാഗപ്പള്ളി ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ, വി.എച്ച്.എസ്.എസ്. എന്നിവിടങ്ങളിൽ ഡിവിഷനുകൾക്ക് ആനുപാതികമായി അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കണമെന്ന ആവശ്യമാണ് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഉന്നയിച്ചിട്ടുള്ളത്. കരുനാഗപ്പള്ളി ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിൽ കഴിഞ്ഞ അധ്യയന വർഷങ്ങളിൽ നിലവിൽ വന്ന രണ്ട് കൊമേഴ്സ് ബാച്ചുകൾക്ക് ആവശ്യമായ അദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടില്ല. കൊമേഴ്സ്, ഇക്കണോമിക്സ് വിഷയങ്ങളിൽ ജൂനിയർ എച്ച്.എസ്. എസ്. റ്റി. തസ്തികയുടെ അപ്ഗ്രഡേഷനും കമ്പ്യൂട്ടർ സയൻസ്, ഇംഗ്ലീഷ്, കൊമേഴ്സ് എന്നിവയിൽ ഒരോ എച്ച്.എസ്.എസ്.റ്റി ജൂനിയർ തസ്തിക സൃഷ്ടിക്കലും ആവശ്യമുണ്ട്. തസ്തിക സൃഷ്ടിക്കുന്നതിനുവേണ്ടിയുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പിനുകീഴിൽ 2011

-12, 2012-13 അധ്യയന വർഷങ്ങളിൽ കരുനാഗപ്പള്ളി ഗവൺമെന്റ് ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിൽ പുതുതായി കോഴ്സുകളോ ബാച്ചുകളോ അനുവദിച്ചിട്ടില്ല. എന്നാൽ 2011-12 -ൽ 10 ശതമാനം സീറ്റുകളും 2012-13-ൽ 20 ശതമാനം സീറ്റുകളും വർദ്ധിപ്പിച്ചിട്ടുണ്ട്. ആയതിന് അധിക അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കേണ്ട സാഹചര്യമുണ്ടായിട്ടില്ല. സംസ്ഥാനത്ത് നടപ്പിലാക്കിയ അദ്ധ്യാപക പാക്കേജ് പ്രകാരം 2010-11 അധ്യയന വർഷത്തിൽ ഓരോ സ്കൂളിലും നിലനിന്നിരുന്ന തസ്തികകൾ പ്രസ്തുത സ്കൂളിൽ 2011-12 അധ്യയന വർഷത്തിലും നിലനിർത്തിയിരുന്നു. കാരണം 2011-12 അധ്യയന വർഷം മുതൽ കുട്ടികളുടെ തലയെണ്ണി തസ്തിക നിർണ്ണയം നടത്തിയിരുന്ന അശാസ്ത്രീയ രീതി നിർത്തലാക്കുകയുണ്ടായി. കൂടുതൽ തസ്തികകൾ സൃഷ്ടിക്കാൻ തലയെണ്ണുന്ന ദിവസം വ്യാജമായി കുട്ടികളെ സ്കൂളിൽ കൊണ്ടുവരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നു. കുട്ടികളുടെ എണ്ണം യുണിക് ഐഡന്റിഫിക്കേഷൻ നമ്പർ രീതിയിലൂടെ ശാസ്ത്രീയമായി എണ്ണിത്തിട്ടപ്പെടുത്തിക്കൊണ്ടിരിക്കുന്ന പ്രക്രിയ ത്വരിതഗതിയിൽ സംസ്ഥാനത്ത് നടന്നുവരികയാണ്. ഈ പ്രക്രിയ എത്രയും പെട്ടെന്ന് പൂർത്തീകരിക്കുന്നതാണ്. ഇത് പൂർത്തിയായെങ്കിൽ മാത്രമേ സ്കൂളുകളിലെ കുട്ടികളുടെ എണ്ണം സംബന്ധിച്ച യഥാർത്ഥ കണക്ക് അറിയാൻ കഴിയുകയുള്ളു. യഥാർത്ഥ കണക്ക് ലഭ്യമായാൽ ഓരോ സ്കൂളിലേയും തസ്തിക നിർണ്ണയം നടത്തി അധിക ഡിവിഷനുകൾ അനുവദിക്കാൻ കഴിയും. എങ്കിലും ഓരോ സ്കൂളിലെയും അക്കാദമിക താത്പര്യം സംരക്ഷിക്കപ്പെടാനായി 2010-11 അധ്യയന വർഷം ഓരോ സ്കൂളിലും നിലവിലുണ്ടായിരുന്ന തസ്തികകൾ യു.ഐ.ഡി. പ്രകാരമുള്ള കണക്ക് ലഭ്യമാകുന്നതുവരെ 2012-13 വർഷത്തിലും നടപ്പിലാക്കുകയുണ്ടായി. അതേസമയം റിട്ടയർമെന്റ്, പ്രൊമോഷൻ, മരണം, രാജി തുടങ്ങിയവ മൂലമു

ണ്ടാകുന്ന ഒഴിവുകളിൽ യോഗ്യരായ അദ്ധ്യാപകരെ നിയമിക്കുന്നതിന് തട സ്സങ്ങൾ ഒന്നും തന്നെയില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെടുത്തുകയാണ്.

## ഹയർ സെക്കന്ററി സ്കൂളുകളിലെ മിനിസ്റ്റീരിയൽ സ്റ്റാഫ് നിയമനം

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ: സർ, 1998-ൽ കേരളത്തിൽ പ്രീഡിഗ്രി കോളേജുകളിൽ നിന്ന് വേർപെടുത്തുകയും ഹയർ സെക്കന്ററി വിദ്യാഭ്യാസം സാർവ്വത്രികമാക്കുകയും ചെയ്തു. ഈ മേഖലയിൽ അഞ്ചുലക്ഷത്തോളം കുട്ടികൾ ഇപ്പോൾ പഠനം നടത്തുന്നുണ്ട്. ഒരു വലിയ സംവിധാനമായി ഇത് മാറിയിട്ടുണ്ടെങ്കിലും ബാലാരിഷ്ടതകൾ ഇതുവരെ മാറിയിട്ടില്ല എന്നതാണ് യാഥാർത്ഥ്യം. ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പാൾമാർ ബന്ധപ്പെട്ട വിഷയത്തിൽ 16 പിരീഡ് ക്ലാസ്സെടുക്കണം അതോടൊപ്പം പ്രിൻസിപ്പാളിന്റെ ഉത്തരവാദിത്വം നിർവ്വഹിക്കണം. മാത്രമല്ല പ്യൂണിന്റെയും ക്ലാർക്കിന്റെയും സ്വീപ്പറുടെയുമെല്ലാം പണിയുമെടുക്കണം. അതുകൊണ്ട് വളരെയധികം പ്രയാസം ഓരോ ഹയർ സെക്കന്ററി സ്കൂളിലുമുണ്ടാകുന്നുണ്ട്. മിനിസ്റ്റീരിയൽ സ്റ്റാഫിന്റെ തസ്തിക സൃഷ്ടിച്ച് നിയമനം നടത്തി ഹയർ സെക്കന്ററി മേഖല കൂടുതൽ കാര്യക്ഷമമാക്കണമെന്നുള്ളതാണ് എന്റെ സബ്മിഷൻ. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇക്കാര്യത്തിൽ പ്രത്യേക താത്പര്യമെടുത്ത് മിനിസ്റ്റീരിയൽ സ്റ്റാഫിന്റെ തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) : സർ, കേരളത്തിലെ ഹയർ സെക്കന്ററി സ്കൂളുകളിൽ ക്ലാർക്ക്, പ്യൂൺ, സ്വീപ്പർ മുതലായ മിനിസ്റ്റീരിയൽ സ്റ്റാഫിന്റെ തസ്തികകൾ സൃഷ്ടിച്ച് ഇതുവരെ ഉത്തരവായിട്ടില്ല. ഹയർ സെക്കന്ററി വിദ്യാഭ്യാസ മേഖല വളരെ വിപുലമാണ്. വിദ്യാർത്ഥികളുടെ എണ്ണത്തിലും അതിന് ആനുപാതികമായി അദ്ധ്യാപക തസ്തികകളുടെ എണ്ണത്തിലും ഇക്കാലയളവിൽ കാര്യമായ വർദ്ധനവ് വന്നിട്ടുണ്ട്. ഈ സാഹചര്യത്തിൽ മിനിസ്റ്റീരിയൽ തസ്തികകൾ അനുവദിക്കാത്തത് സ്കൂളുകളുടെ പ്രവർത്തനത്തെ ബാധിക്കുന്നതായി പരാതിയുണ്ട്. എന്നാൽ കേരളത്തിലെ ഹയർ സെക്കന്ററി സ്കൂളുകളിൽ

മിനിസ്റ്റീരിയൽ തസ്തികകൾ അനുവദിക്കുന്നത് സർക്കാരിന് ഭീമമായ ബാധ്യത വരുന്ന വിഷയം കൂടിയാണ്. ഹയർ സെക്കന്ററിയിലെ ലാബ് അസിസ്റ്റന്റുമാരെക്കൊണ്ട് ക്ലറിക്കൽ ജോലികൂടി ചെയ്യിക്കുവാൻ സാധിക്കുമോയെന്നത് പഠന വിഷയമാക്കേണ്ടതും പരിശോധിക്കേണ്ടതുമാണ്. നിലവിൽ ഹയർ സെക്കന്ററിയിലെ ക്ലറിക്കൽ ജോലികൾ ചെയ്യുന്നതിന് ഹൈസ്കൂൾ തലത്തിലുള്ള ക്ലാർക്കിന് പ്രതിമാസം 130 രൂപയും പ്യൂണിന് 60 രൂപയും നൽകിവരുന്നുണ്ട്. എന്നാൽ ഈ തുക തുലോം തുച്ഛമായതു കൊണ്ട് ആരും മുന്നോട്ട് വരാറില്ല. പല ഹയർ സെക്കന്ററി സ്കൂളുകളിലും പി.റ്റി.എ. നിയമിച്ചിട്ടുള്ള ക്ലാർക്കുമാരുണ്ട്. ഏതായാലും മിനിസ്റ്റീരിയൽ ജീവനക്കാർ ഇല്ലാതിരിക്കുന്ന അവസ്ഥ ഹയർ സെക്കന്ററി വിഭാഗം സ്കൂളുകളുടെ ഭരണ ചുമതലയുള്ള പ്രിൻസിപ്പാൾമാർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതായും പരാതിയുണ്ട്. ഈ സാഹചര്യങ്ങളിൽ സർക്കാരിനുണ്ടാകുന്ന സാമ്പത്തിക ബാധ്യത പരിശോധിച്ചും മറ്റെന്തെങ്കിലും ഓപ്ഷനുകളുണ്ടോ എന്ന് പരിശോധിച്ചും ഹയർ സെക്കന്ററി സ്കൂളുകളിൽ മിനിസ്റ്റീരിയൽ സ്റ്റാഫ് തസ്തിക സൃഷ്ടിക്കുന്നതിന് നയപരമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

## എൻ.സി.സി. കേഡറ്റുകളുടെ റിഫ്രഷ്മെന്റ് ആനുകൂല്യം

ശ്രീ. വി. പി. സജീന്ദ്രൻ : സർ, കേരളത്തിൽ കര, വ്യോമ, നാവിക വിഭാഗങ്ങളിലായി എഴുപതിനായിരത്തി ഒരുനൂറോളം എൻ.സി.സി. കേഡറ്റുകൾ ഉണ്ട്. എൻ.സി.സി. കേഡറ്റുകളുടെ പരേഡ് അലവൻസ് അവസാനമായി വർദ്ധിപ്പിച്ച് നൽകിയത് 1998-ലാണ്. ഒരു പീരിഡിന് വെറും രണ്ട് രൂപയാണ് കൊടുക്കുന്നത്. 70 പീരിഡ് മുതൽ 100 പീരിഡ് വരെ ട്രെയിനിംഗ് നടത്തിയാൽ മാത്രമേ കേഡറ്റുകൾക്ക് ഗ്രേഡ് ലഭിക്കുകയുള്ളു. ആഴ്ചയിൽ മൂന്ന് എൻ.സി.സി പീരിഡുകൾ ചേർത്തുവച്ച് ആറ് രൂപയാണ് അവർക്കിപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്നത്. രണ്ട് മുതൽ മൂന്നു മണിക്കൂർ വരെ പരേഡ് നടത്തുന്ന കുട്ടികൾക്ക് ആവശ്യമുള്ള ഭക്ഷണം ലഭ്യമാക്കുന്നതിന് ഇൻസ്ട്രക്ടർമാർ നെട്ടോട്ടമോടുകയാണ്. സൈനിക സേവനത്തിന്റെ മുന്നൊരുക്കമെന്ന നിലയിലും രാജ്യസേവനത്തിന്റെ മാഹാത്മ്യം കാത്തുസൂക്ഷിക്കാൻ മുന്നിട്ടിറങ്ങുന്നവരെന്ന നിലയിലും വളരെ ബഹുമാനവും പരിഗണനയും ഇവർക്ക് ലഭിക്കേണ്ടതാണ്. കഴിഞ്ഞ പതിനഞ്ചുവർഷമായി യാതൊരു പരിഗണനയും ഇവർക്ക് ലഭിച്ചിട്ടില്ല. ഒരു പീരിഡിന് രണ്ട് രൂപയെന്നത് 20 രൂപയെങ്കിലുമാക്കി ഉയർത്തി എൻ.സി.സി. കേഡറ്റുകളുടെ പരേഡ് അലവൻസ് വർദ്ധിപ്പിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, എൻ.സി.സി. കേഡറ്റുകളുടെ റിഫ്രഷ്മെന്റ് ആനുകൂല്യം 24-8-1998-ലെ ജി.ഒ. (എം.എസ്) 102/98/ഉന്നത വിദ്യാഭ്യാസം പ്രകാരമാണ് അവസാനമായി പുതുക്കിയത്. ഒരു പീരിഡിന് രണ്ട് രൂപ നിരക്കിലാണ് ഇപ്പോൾ നൽകി വരുന്നത്. 14 വർഷങ്ങളായിട്ടും ഇത് കാലോചിതമായി പുതുക്കിയിട്ടില്ല. സംസ്ഥാനത്ത് 77010-ഓളം എൻ.സി.സി. കേഡറ്റുകൾ ഉണ്ട്. ന്യൂഡൽഹിയിലെ എൻ.സി. സി. ഡയറക്ടർ ജനറലാണ് റിഫ്രഷ്മെന്റ് ആനുകൂല്യം കാലകാലങ്ങളിൽ പുതുക്കുന്നതിനുള്ള നിർദ്ദേശം പുറപ്പെടുവിക്കുന്നത്.

അതുപ്രകാരം സംസ്ഥാനത്ത് പ്രസ്തുത വിഷയത്തിൻമേൽ ഉത്തരവിനായുള്ള അപേക്ഷ എൻ.സി.സി. ഡെപ്യൂട്ടി ഡയറക്ടർ ജനറൽ (കേരളവും ലക്ഷദ്വീപും)-ക്ക് സംസ്ഥാന സർക്കാർ നൽകിയിരുന്നു. മറ്റ് സംസ്ഥാനങ്ങളിലെ കേഡറ്റുകൾക്ക് ലഭ്യമാകുന്ന ആനുകൂല്യവുമായി താരതമ്യപഠനം നടത്തി വിശദമായ ഒരു റിപ്പോർട്ടും സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ വിശദമായി പരിശോധിച്ചുവരികയാണ്.

**നോർക്കാ റൂട്ട്സിൽ സ്ഥിര നിയമനം റദ്ദ് ചെയ്തത് സംബന്ധിച്ച്**

ശ്രീ. എളമരം കരീം: സർ, നോർക്ക റൂട്ട്സിലെ താൽക്കാലിക തൊഴിലാളികളെ 2011-ൽ സ്ഥിരപ്പെടുത്തിക്കൊണ്ട് ഗവൺമെന്റ് ഒരു ഉത്തരവിറക്കിയിരുന്നു. എന്നാൽ ആ ഉത്തരവ് ദുർബ്ബലപ്പെടുത്തിക്കൊണ്ട് തൊഴിലാളികളുടെ ജോലി സുരക്ഷിതത്വം നഷ്ടപ്പെടുത്തുന്ന ഒരു നടപടി ഉണ്ടായതായി മനസ്സിലാക്കുന്നു. ആ ജീവനക്കാരുടെ സംരക്ഷണത്തിനുവേണ്ട നടപടികൾ കൈക്കൊള്ളണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

ഗ്രാമവികസനും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, അംഗീകൃത തസ്തികയില്ലാതെ ദിവസ വേതന കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്ന 16 ജീവനക്കാരെ കഴിഞ്ഞ ഗവൺമെന്റ് അധികാരം ഒഴിയുന്നതിന് തൊട്ടുമുമ്പായി, 24-2-2011-ൽ 21 തസ്തികകൾ സൃഷ്ടിക്കുകയും സ്ഥിരപ്പെടുത്തുകയും ചെയ്തു. 2011 ജനുവരി മാസത്തിനുശേഷമുള്ള തീരുമാനങ്ങൾ ക്യാബിനറ്റ് പുനഃപരിശോധിച്ചു. ആ നിയമനം നിയമപരമല്ലായെന്നുകരുതി അവരെ സ്ഥിരപ്പെടുത്തിയ തീരുമാനം ഗവൺമെന്റ് റദ്ദാക്കുകയുണ്ടായി. ഇതിനെതിരായി റദ്ദാക്കപ്പെട്ട ആളുകൾ ഹൈക്കോടതിയിൽ കേസ് കൊടുത്തു. എന്നാൽ ഹൈക്കോടതി സർക്കാർ നിലപാട് ശരിവെച്ചു. അവർ ഡിവിഷൻ ബഞ്ചിൽ അപ്പീൽ കൊടുത്തെങ്കിലും ഡിവിഷൻ ബഞ്ചും ഗവൺമെന്റ് നിലപാട് ശരിവച്ചു. വീണ്ടും അവർ സുപ്രീം കോടതിയിൽ പോയി. സുപ്രീം കോടതി സംസ്ഥാന ഗവൺമെന്റിന്റെ തീരുമാനം സ്റ്റേ ചെയ്തതായുള്ള ഒരു വാർത്ത പത്രത്തിൽ വായിക്കുകയുണ്ടായി. എന്റെ കയ്യിലുള്ള സുപ്രീം കോടതി വിധിയിൽ പറയുന്നത്, Issue notice on Special Leave Petition as well as on the stay prayed for the

interim relief. നോട്ടീസ് മാത്രമേ കോടതി ഇഷ്യു ചെയ്തിട്ടുള്ളൂ. എന്നാൽ സംസ്ഥാന ഗവൺമെന്റിന്റെ ഉത്തരവ് സ്റ്റേ ചെയ്തു എന്നാണ് വാർത്ത കൊടുത്തിരിക്കുന്നത്. അപ്രകാരം സ്റ്റേ ചെയ്തിട്ടില്ല. കേസ് സുപ്രീംകോടതിയിലാണ്. അത് കോടതി തീരുമാനിക്കട്ടെ.

**സാംസ്കാരിക സെക്രട്ടേറിയറ്റ് രൂപീകരണം**

ശ്രീ. എം. പി. വിൻസെന്റ്: സർ, കേരളത്തിന്റെ സാംസ്കാരിക തലസ്ഥാനമായ തൃശ്ശൂർ എല്ലാ കലകളുടെയും വിളനിലമാണ്. തൃശ്ശൂരിൽ ഒരു സാംസ്കാരിക സെക്രട്ടേറിയറ്റ് രൂപീകരിക്കുന്നതിന്റെ ആവശ്യകതയെക്കുറിച്ചാണ് ഞാനിവിടെ പറയുന്നത്. തൃശ്ശൂർ നഗരം കേരളത്തിലെ നാലാമത്തെയും ഇന്ത്യയിലെ 20-ാമത്തെയും നഗരമാണ്. എ.ഡി. 52-ൽ സെന്റ് തോമസ് കേരളത്തിൽ വന്നതും മുസ്ലീം ജൂതമതങ്ങൾ കടന്നുവന്നതും കൊടുങ്ങല്ലൂർ വഴിയാണ്. ഇന്ത്യയുടെ തന്നെ സാംസ്കാരിക തലസ്ഥാനത്തിന് വളരെയേറെ പ്രാധാന്യമുള്ള ഈ സ്ഥലം കൊടുങ്ങല്ലൂർ കളരി മലയാള സാഹിത്യത്തിന് നൽകിയ സംഭാവനകൾ നിരവധിയാണ്. മലയാള സാഹിത്യത്തിൽ പച്ചമലയാളം എന്ന പ്രസ്ഥാനവും കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ എന്ന കേരള വ്യാസനും തൃശ്ശൂരിന്റെ സംഭാവനകളാണ്. സി.പി. അച്ചുതമേനോൻ, കൃഷ്ണ പിഷാരടി, വള്ളത്തോൾ, മുണ്ടശ്ശേരി, നാലപ്പാട്ട് നാരായണമേനോൻ, ബാലാമണിയമ്മ, കമല സുരയ്യ, ശ്രീരാമൻ അതുപോലെ സുകുമാർ അഴീക്കോട്, കുഞ്ഞുണ്ണിമാഷ് തുടങ്ങിയ പ്രഗത്ഭർ ഉയർന്നുവന്നിട്ടുള്ള സ്ഥലമാണ് തൃശ്ശൂർ. 1930-ൽ സ്ഥാപിതമായ ചെറുതുരുത്തിയിലെ കേരള കലാമണ്ഡലം, സാഹിത്യ അക്കാദമി, ഉണ്ണായി വാര്യർ സ്മാരക കലാനിലയം തുടങ്ങിയവ തൃശ്ശൂർ ജില്ലയിലെ ഏറ്റവും പ്രധാനപ്പെട്ട സ്ഥാപനങ്ങളാണ്. ചേരരാജാക്കന്മാരുടെ ആസ്ഥാനമാണ് തൃശ്ശൂർ. ഇത്രയും പ്രാധാന്യമുള്ള സാംസ്കാരിക തലസ്ഥാനമായ തൃശ്ശൂരിൽ ഒരു സാംസ്കാരിക സെക്രട്ടേറിയറ്റ് വരുന്നതിലൂടെ നാളേകളിൽ ഒരു സാംസ്കാരിക സർവ്വകലാശാലയ്ക്കുള്ള പ്രാധാന്യം വരികയാണ്. അതുകൊണ്ട് ഇക്കാര്യം പ്രത്യേകം പരിഗണനയിലെടുത്ത് പരിശോധിക്കണം.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, തൃശ്ശൂർ അറിയപ്പെടുന്നത്

കേരളത്തിന്റെ സാംസ്കാരിക തലസ്ഥാനമായിട്ടാണ്. സാഹത്യ അക്കാദമി, സംഗീത നാടക അക്കാദമി, ലളിതകലാ അക്കാദമി എന്നിവയെല്ലാം പ്രവർത്തിക്കുന്നത് തൃശ്ശൂർ കേന്ദ്രമായിട്ടാണ്. ഈ സ്ഥാപനങ്ങൾക്കെല്ലാം ഉന്നതന്മാരായ സാംസ്കാരിക നായകന്മാർ അടങ്ങുന്ന ഭരണ സമിതിയുണ്ട്. മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ കേരളത്തിലെ 14 ജില്ലകളുടെയും സാംസ്കാരിക സ്ഥാപനങ്ങളുടെ പ്രവർത്തനം ക്രോഡീകരിക്കാൻ ഒരു സാംസ്കാരിക സെക്രട്ടേറിയറ്റ് തൃശ്ശൂരിൽ ആരംഭിക്കുന്നത് പ്രായോഗികമായ കാര്യമല്ല. പക്ഷേ ഇന്ന് സാംസ്കാരിക യൂണിവേഴ്സിറ്റി വേണമെന്ന സജീവമായ ഒരു ആവശ്യമുണ്ട്. ആ യൂണിവേഴ്സിറ്റി ഉണ്ടായാൽ തീർച്ചയായും പരിഗണിക്കപ്പെടേണ്ട ആസ്ഥാനം തൃശ്ശൂർ തന്നെയാണ്. പക്ഷേ അത് ഉണ്ടാകുന്ന സമയത്ത് ആലോചിക്കേണ്ട വിഷയമാണ്.

**ക്ഷീര കർഷകർക്ക് പെൻഷൻ**

ശ്രീ. വി. ശശി: സർ, 2005 ആഗസ്റ്റ് മാസം 24-നാണ് കേരള ക്ഷീര കർഷക ക്ഷേമനിധി ബോർഡ് നിലവിൽ വരുന്നത്. ഒരു ഓർഡിനൻസി ലൂടെയായിരുന്നു ആ ക്ഷേമനിധി ബോർഡിന് രൂപം കൊടുത്തത്. അത് ആക്ടായി മാറുന്നത് 2007 ഏപ്രിൽ 13-നാണ്. 2005-മുതൽ 2007-വരെ നിരവധി കേരകർഷകർ ഈ ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിരു ന്നു. ഈ നിയമം 2010-ൽ ഭേദഗതി ചെയ്യുകയുണ്ടായി. ആ ഭേദഗതി യിൽ 2007-നുമുമ്പ് അംഗത്വമെടുത്ത് 60 വയസ് പൂർത്തിയാക്കിയ നിര വധി കർഷകർക്ക് ഇപ്പോൾ പെൻഷൻ ലഭിക്കുന്നില്ല. പ്രാഥമിക സംഘ ത്തിൽ അംഗത്വമെടുത്ത് പത്ത് വർഷക്കാലം അംഗമായി പാൽ അളന്നിട്ടി ല്ലായെന്ന് ചൂണ്ടിക്കാണിച്ചാണ് പെൻഷൻ നിഷേധിക്കുന്നത്. എന്നാൽ ഇവരിൽ വളരെപ്പേർ ആറും ഏഴും എട്ടും ഒൻപതും വർഷക്കാലം സംഘ ത്തിൽ അംഗങ്ങളായിരുന്നിട്ടുണ്ട്. ഇവർക്ക് പെൻഷൻ നിഷേധിക്കുമ്പോൾ 2007-ന് ശേഷം അംഗങ്ങളായിട്ടുള്ളവരിൽ പലരും അഞ്ച് വർഷം സംഘ ത്തിൽ പാൽ അളക്കുകയും 60 വയസ് പൂർത്തിയാക്കുകയും ചെയ്ത വർക്ക് പെൻഷൻ ലഭിക്കുന്നു. ഈ വിവേചനം ഒഴിവാക്കുന്നതിനായി 2010-ലെ ഭേദഗതി നിയമത്തിലെ 4(ബി) ഭേദഗതി ചെയ്യണമെന്നാണ് എനി ക്കിവിടെ അഭ്യർത്ഥിക്കാനുള്ളത്.

ഗ്രാമവികസനും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, 2007 ഏപ്രിൽ 13-ന് നില വിൽ വന്ന ക്ഷീരകർഷക ക്ഷേമനിധി നിയമത്തിലേയും 2010-ലെ ഭേദഗ തിയിലേയും ചില വകുപ്പുകൾ തമ്മിൽ വൈരുധ്യമുള്ളതുകൊണ്ടാണ് തട സ്സമുണ്ടായിരിക്കുന്നത്. ബഹുമാനപ്പെട്ട മെമ്പർ ആവശ്യപ്പെട്ടതുപോലെ 2007-ലെ ക്ഷീര കർഷക ക്ഷേമനിധി ആക്ട് പ്രകാരം ക്ഷേമനിധിയിൽ

അംഗമായ ഏതൊരാളിനും അയാൾ സംഘത്തിൽ അംഗമായി പത്ത് വർഷവും കുറഞ്ഞത് 500 ലിറ്റർ പാൽ സംഘത്തിൽ അളക്കുകയും 60 വയസ്സ് പൂർത്തിയാകുകയും ചെയ്താൽ പെൻഷന് അർഹതയുണ്ടായിരിക്കേണ്ടതാണ്. ഇപ്രകാരം ആവശ്യമായ മാറ്റങ്ങൾ ചട്ടത്തിൽ വരുത്തണമെന്നുള്ള മെമ്പറുടെ ആവശ്യം അംഗീകരിക്കുന്നതായിരിക്കും.

## പന്തളം കുളനടയിലെ ആക്രമണം

ശ്രീ. കെ. ശിവദാസൻ നായർ: സർ, ചെങ്ങന്നൂരിൽ കഴിഞ്ഞ ദിവസം ക്രിസ്ത്യൻ കോളേജിന്റെ പരിസരത്തുവച്ച് എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട ഒരു എ.ബി.വി.പി. പ്രവർത്തകൻ വിശാൽ കുത്തേറ്റ് മരിക്കുകയുണ്ടായി. അതിനെത്തുടർന്ന് ആ പരിസരപ്രദേശങ്ങളിലെല്ലാം വലിയ തോതിൽ ഒരു സമൂഹത്തിൽപ്പെട്ട ആളുകളെ തെരഞ്ഞുപിടിച്ച് ആക്രമിക്കുന്ന ഒരു സംഭവം ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. കുളനടയുള്ള അയൂബ്ഖാൻ രാവിലെ മത്സ്യക്കച്ചവടത്തിന് പോയതാണ്. രാവിലെ അയാളുടെ വണ്ടി അടിച്ച് തകർക്കുകയും അയാളുടെ കാലും കയ്യും വെട്ടുകയും ചെയ്ത് അയാളിപ്പോൾ ഗുരുതരാവസ്ഥയിൽ കോട്ടയം മെഡിക്കൽ കോളേജിലാണ്. ഒരൊറ്റ പ്രതിയെപ്പോലും അറസ്റ്റ് ചെയ്തിട്ടില്ല. പച്ചക്കറി കച്ചവടത്തിന് പോകുന്ന ആളുകളെ രാവിലെ പാത്തിരുന്ന് ആക്രമിക്കുകയാണ്. മത്സ്യക്കച്ചവടത്തിനും പച്ചക്കറി കച്ചവടത്തിനും പോകാൻ അവർക്ക് നിവൃത്തിയില്ലാത്ത ഒരു സാഹചര്യമുണ്ടായിരിക്കുകയാണ്. ഇക്കാര്യത്തിൽ ഒരു നടപടിയും ഫലപ്രദമായി എടുക്കുന്നുവെന്ന് ജനങ്ങൾക്ക് ബോധ്യമാകുന്നില്ല. ഇങ്ങനെയൊരു ഗുരുതരമായ സ്ഥിതിവിശേഷം ഉണ്ടായിട്ടുണ്ട്. അതുകൊണ്ട് അടിയന്തരമായി ഇക്കാര്യത്തിൽ ഇടപെട്ട് ഈ പ്രദേശങ്ങളിലെ ആളുകൾക്ക് സ്വൈര്യമായി അവരുടെ കച്ചവടം നടത്തുന്നതിനുംമറ്റുമുള്ള സംരക്ഷണം നൽകണമെന്നാണ് എനിക്കിവിടെ സൂചിപ്പിക്കാനുള്ളത്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, അവിടെ രണ്ട് കേസിലെ ഇൻസിഡൻസാണ് ഉണ്ടായിട്ടുള്ളത്. ഒന്ന് ചെങ്ങന്നൂർ ക്രിസ്ത്യൻ കോളേജിന്റെ പടിക്കൽവച്ച് വിശാൽ എന്നുപറയുന്ന ഒരു എ.ബി.വി.പി. പ്രവർത്തകൻ കുത്തേറ്റ് മരിച്ചു. അതിനുശേഷം സബ്സിക്വന്റായിട്ട് ഉണ്ടായിട്ടുള്ള മറ്റ് കാര്യങ്ങൾ. ഈ രണ്ട് കാര്യങ്ങളിൽ കുത്തേറ്റ് മരിച്ചതുമായി ബന്ധപ്പെട്ട ആദ്യത്തെ കേസ്സിലെ

പ്രതികളിൽ ചില ആളുകളെ അറസ്റ്റ് ചെയ്തിട്ടുണ്ട്.  മറ്റ് കാര്യങ്ങൾ ശ്രീ. കെ. ശിവദാസൻ നായർ പറഞ്ഞത് വളരെ ഗൗരവപൂർവ്വം ഗവൺമെന്റ് കാണുകയാണ്. പന്തളം പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട പന്തളം, മുട്ടാർ, കുളനട, കടയ്ക്കാട് തുടങ്ങിയ സ്ഥലങ്ങളിൽ സാമുദായിക സംഘർഷ സാധ്യതയുള്ള പ്രദേശമായതിനാൽ തുടർ അക്രമപ്രവർത്തനങ്ങൾ നടക്കാതിരിക്കുന്നതിനുവേണ്ടിയുള്ള പോലീസിന്റെ ശക്തമായ സാന്നിദ്ധ്യം അവിടെയുണ്ട്.  അതൊടൊപ്പം തന്നെ നടപടികളും എടുക്കും.  എന്തെല്ലാം നടപടികളാണ് സ്വീകരിക്കേണ്ടത് എന്നത് നോക്കി എന്തെങ്കിലും അതിൽ പോരായ്മയുണ്ടെങ്കിൽ ഗവൺമെന്റ് വളരെ ശക്തമായ നടപടിയെടുക്കുന്നതിനുവേണ്ടിയുള്ള നിർദ്ദേശങ്ങൾ നൽകുന്നതായിരിക്കും.

## കെ.എ. സുമേഷ് എന്നയാളെ പീഡിപ്പിച്ചത് സംബന്ധിച്ച്

ശ്രീ. ജെയിംസ് മാത്യു: സർ, കിഴക്കേവളപ്പിൽ സുമേഷ് എന്ന 27 വയസുകാരന് ഏൽക്കേണ്ടിവന്ന അതിക്രൂരമായ പോലീസ് മർദ്ദനത്തെക്കുറിച്ചാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. 31-5-2012-ന് രാവിലെ പത്ത് മണിക്ക് സുമേഷിന്റെ വീട്ടിൽ മഫ്തിയിലെത്തിയ രണ്ട് പോലീസുകാർ അയാളെ ചോദ്യം ചെയ്യുന്നതിനുവേണ്ടി കണ്ണൂർ ഡിവൈ.എസ്.പി. ഓഫീസിലേയ്ക്ക് കൂട്ടിക്കൊണ്ടുപോയി. അവിടെനിന്ന് കണ്ണൂർ ഡിവൈ.എസ്.പി.. ശ്രീ. സുകുമാരനും രാജീവൻ, മഹിജൻ, യോഗേഷ് എന്നീ പോലീസുകാരും ചേർന്ന് സുമേഷിനെ കണ്ണൂർ സിറ്റി സ്റ്റേഷനിലേയ്ക്ക് കൊണ്ടുപോയി. സ്റ്റേഷനുമുകളിലുള്ള ഹാളിൽകൊണ്ടുപോയി പൂർണ്ണ നഗ്നനാക്കി മർദ്ദിച്ചു. കണ്ണൂർ ജുഡീഷ്യൽ ഫസ്റ്റ്ക്ലാസ് മജിസ്ട്രേറ്റ് മുമ്പാകെ സുമേഷ് നൽകിയ മൊഴി ഞാൻ അതുപ്രകാരം ഇവിടെ വായിക്കുകയാണ്. ‘വസ്ത്രങ്ങളെല്ലാം ഊരിയെടുത്തശേഷം രണ്ട് പോലീസുകാർ ചേർന്ന് എന്റെ ഇരു കൈകാലുകളും കൂട്ടിക്കെട്ടി. ഉയരമുള്ള രണ്ട് ഡെസ്ക്കുകളിൽ കുറുകെ വച്ചിരുന്ന വലിയ കമ്പിയിൽ അവർ എന്നെ കെട്ടിത്തൂക്കി, ഇരുമ്പ് വടികൊണ്ട് കാലിന്റെ അടിഭാഗത്ത് അടിച്ചു. ഡിവൈ.എസ്.പി. എന്റെ മലദ്വാരത്തിൽ കമ്പി കുത്തിക്കയറ്റി, ഞാൻ നിലവിളിച്ചു. അപ്പോൾ മലദ്വാരത്തിൽ കയറ്റിയ കമ്പി എന്റെ വായിലേയ്ക്ക് കുത്തിക്കയറ്റി. ഒരു മണിക്കൂറിലധികം എന്നെ കെട്ടിയിട്ട് മർദ്ദിച്ചു’. അതിക്രൂരവും ജുഗുപ്സാവഹവുമായ ഈ മർദ്ദനമുറകൾ പ്രയോഗിച്ച ഡിവൈ.എസ്.പി. സുകുമാരനുൾപ്പെടെയുള്ള 4 പോലീസ് ഉദ്യോഗസ്ഥന്മാരെ സസ്പെന്റ് ചെയ്ത് അന്വേഷണം നടത്തണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുകയാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, 20-02-2012–ന് ഐ.യു.എം.എൽ. പ്രവർത്തകനായ ഷുക്കൂറിനെ കുത്തിക്കൊലപ്പെടുത്തിയതിന് കണ്ണപുരം പോലീസ് സ്റ്റേഷനിൽ ഇന്ത്യൻ ശിക്ഷാനിയമം 143, 147, 148, 447, 364, 324, 307, 302, 109, 120(ബി), 149 എന്നീ വകുപ്പുകൾ പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് ക്രൈം നമ്പർ 136/12 ആയ കേസിലെ 32–ാം പ്രതിയാണ് കണ്ണപുരം സ്വദേശിയായ കെ. വി. സുമേഷ്. ഈ കേസിലെ സാക്ഷിയായ ജെസ്റ്റിൻ 24-05-2012-ന് സുമേഷിനെക്കുറിച്ച് നൽകിയ വിവരത്തിന്റെ അടിസ്ഥാനത്തിൽ 1-06-2012–ന് രാവിലെ 11.30 മണിയോടെ സുമേഷിനെ മേൽപ്പടിയാന്റെ വീട്ടിൽ വച്ച് കസ്റ്റഡി മെമ്മോ തയ്യാറാക്കി ഒപ്പിടീപ്പിച്ച് നിയമാനുസരണം കസ്റ്റഡിയിലെടുത്തു. തുടർന്ന് വളപട്ടണം സി.ഐ. ഓഫീസിൽ വച്ച് ചോദ്യം ചെയ്തതിൽ ഷുക്കൂറിനെ സുമേഷ് കുത്തിക്കൊലപ്പെടുത്തിയതിന് തെളിവായതിനാൽ അന്നേദിവസം രാത്രി 8.45 മണിക്ക് നിയമാനുസരണം അറസ്റ്റ് ചെയ്തു. ഷുക്കൂറിനെ സുമേഷ് കൊലപ്പെടുത്തുന്നതിന് ഉപയോഗിച്ച കഠാര കത്തി ബന്ധുവായ സജിത്തിന്റെ കൈവശം സൂക്ഷിക്കാൻ ഏൽപ്പിച്ചുവെന്ന് സമ്മതിച്ചതിൻപ്രകാരം പ്രസ്തുത കത്തി 2-06-2012-ന് പകൽ 10.15 മണിക്ക് സജിത്തിന്റെ സാന്നിദ്ധ്യത്തിൽ ബന്ധവസിലെടുത്തു. തുടർന്ന് വൈകുന്നേരം 5 മണിക്ക് സുമേഷിനെ ഗവൺമെന്റ് ആശുപത്രിയിൽ വൈദ്യപരിശോധന നടത്തി. വൈദ്യപരിശോധനാവേളയിൽ മെഡിക്കൽ ഓഫീസർ മുമ്പാകെ സുമേഷ് പരാതിയൊന്നും തന്നെ പറഞ്ഞിട്ടില്ലാത്തതും പരിശോധനയിൽ യാതൊരു പരിക്കുകളുമില്ലെന്ന് വൂൺഡ് സർട്ടിഫിക്കറ്റ് രേഖപ്പെടുത്തിയിട്ടുള്ളതുമാണ്. ഡോക്ടർ നൽകിയ വൂൺഡ് സർട്ടിഫിക്കറ്റ് എന്റെ കൈവശമുണ്ട്. ഇവിടെ വൈദ്യപരിശോധനയ്ക്കുശേഷം ബഹുമാനപ്പെട്ട കണ്ണൂർ ജുഡീഷ്യൽ ഫസ്റ്റ്ക്ളാസ് മജിസ്ട്രേറ്റ് കോടതിയിൽ ഹാജരാക്കിയപ്പോൾ പോലീസ് ഷൂകൊണ്ട് ചവിട്ടിയെന്നും അടിച്ചുവെന്നും സുമേഷ് കോടതി മുമ്പാകെ പരാതി പറ

ഞ്ഞത് റിമാന്റ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്. സുമേഷിന്റെ റിമാന്റ് റിപ്പോർട്ടും എന്റെ കൈവശമുണ്ട്. സുമേഷിനെ ബഹുമാനപ്പെട്ട കോടതി ജയിലിലേയ്ക്ക് റിമാന്റ് ചെയ്തു. ബഹുമാനപ്പെട്ട കോടതി ജയിലിലേയ്ക്ക് അയച്ച വാറണ്ടിൽ സുമേഷിന് വൈദ്യസഹായമാവശ്യമെങ്കിൽ നൽകുവാൻ നിർദ്ദേശിച്ചിരുന്നു. അതുപ്രകാരം 3-06-2012-ന് രാവിലെ കണ്ണൂർ ഗവൺമെന്റ് ആശുപത്രിയിൽ ചികിത്സയ്ക്കായി അഡ്മിറ്റ് ചെയ്ത സമയം ഡോക്ടറോട് നേരത്തെ പറഞ്ഞതിൽ നിന്ന് വ്യത്യസ്തമായി തന്നെ പോലീസ് ദേഹോപദ്രവമേൽപ്പിച്ചുവെന്നും സുമേഷ് പരാതിപ്പെട്ടിട്ടുണ്ട്. 3-06-2012 മുതൽ 8-06-2012 വരെ സുമേഷ് കണ്ണൂർ ജില്ലാ ആശുപത്രിയിൽ അഡ്മിറ്റായിരുന്നു. ഈ കാലയളവിൽ സർജിക്കൽ കൺസൾട്ടേഷൻ, എക്സ്റേ, പ്രോട്ടോസ്കോപ്പി  തുടങ്ങിയ എല്ലാ സംവിധാനവും ഉപയോഗിച്ച് പരിശോധന നടത്തിയിട്ടുണ്ട്. മേൽപ്പറഞ്ഞ പരിശോധനകളിൽ ഒന്നുംതന്നെ സബ്മിഷനിൽ ഉന്നയിച്ചിരിക്കുന്ന വിധത്തിലുള്ള ശാരീരിക പീഡനമേറ്റതായി രേഖപ്പെടുത്തിയിട്ടില്ല. അതിനോടനുബന്ധിച്ചുള്ള എല്ലാ റെക്കോർഡ്സും എന്റെ കൈവശമുണ്ട്. മാത്രമല്ല, ഷൂക്കൂർ വധക്കേസിലെ പ്രതിക്കെതിരായി മൂന്നാംമുറ ഉണ്ടായിരുന്നില്ല എന്നുപറഞ്ഞുകൊണ്ടുള്ള മെഡിക്കൽ റിപ്പോർട്ടുമുണ്ട്. ഇതാണ് യഥാർത്ഥ വസ്തുത.

## സ്റ്റാഫ് കോ-ഓപ്പറേറ്റീവ് ഹൗസ് കൺസ്ട്രക്ഷൻ സൊസൈറ്റി ലിമിറ്റഡിന്റെ പേരിൽ അഴിമതി

ശ്രീ. ഹൈബി ഈഡൻ: സർ, കൊച്ചിൻ ഷിപ്പിയാർഡിലെ ജീവനക്കാരുടെ സഹകരണസംഘമാണ് കൊച്ചിൻ ഷിപ്പിയാർഡ് സ്റ്റാഫ് കോ ഓപ്പറേറ്റീവ് ലിമിറ്റഡ്. അംഗങ്ങളുടെ താമസസൗകര്യത്തിനുവേണ്ടി വാസയോഗ്യമായ സ്ഥലം കണ്ടുപിടിച്ച് പാർപ്പിട സൗകര്യങ്ങൾ ചെയ്തുകൊടുക്കുക എന്നതാണ് സംഘത്തിന്റെ ലക്ഷ്യം. ഈ സംഘം നടക്കാവ് പദ്ധതി എന്ന പേരിൽ തുടങ്ങിയ ഒരു ഭവന പദ്ധതി ഭവനരഹിതരായ ഷിപ്പിയാർഡിലെ ജീവനക്കാർക്ക് ഒരു വൻ ബാദ്ധ്യതയായി മാറിയിരിക്കുകയാണ്. 182 കുടുംബങ്ങളുടെ കയ്യിൽ നിന്നും പത്ത് ലക്ഷം പതിനഞ്ച് ലക്ഷം രൂപവീതം വാങ്ങി 2005-ൽ തുടങ്ങേണ്ടിയിരുന്ന പ്രോജക്ടാണ്. എന്നാൽ ഇന്നും ആ സ്ഥലം ഇവരുടെ പേരിൽ രജിസ്റ്റർ ചെയ്തുകൊടുത്തിട്ടില്ല. ആ സ്ഥലം ഒരു ചതുപ്പ് ഭൂമിയാണ്. ഈ സംഘത്തിന്റെ തന്നെ മുൻ പദ്ധതികളായ വികാസ് നഗർ കോളനി, കൃഷ്ണവിഹാർ കോളനി തുടങ്ങിയ പദ്ധതികളുടെ ക്രമക്കേടുകളെക്കുറിച്ച് എല്ലാ പത്രങ്ങളിലും വിശദമായ വാർത്തകൾ വന്നിട്ടുള്ളതും അന്വേഷണ സംഘത്തിന് അത് ബോദ്ധ്യപ്പെട്ടിട്ടുള്ളതുമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആഭ്യന്തരവകുപ്പ് കൈകാര്യം ചെയ്തിരുന്ന സമയത്ത് ക്രൈംബ്രാഞ്ച് എൻക്വയറിക്ക് ഉത്തരവിട്ടതാണ്. പക്ഷേ ഇതുവരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ഒരു വലിയ റിയൽ എസ്റ്റേറ്റ് ലോബി ഇതിന്റെ പിന്നിൽ പ്രവർത്തിക്കുന്നുണ്ട്. എല്ലാ തെളിവുകളും പോലീസിന്റെ പക്കലുണ്ട്. 182 കുടുംബങ്ങൾ അവരുടെ ജീവിത വരുമാനം മുഴുവൻ ഇതിൽ ഇൻവെസ്റ്റ് ചെയ്തിരിക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട് ക്രൈംബ്രാഞ്ചിന്റെ ഭാഗത്തുനിന്ന് തക്കതായ നടപടിയുണ്ടായി അവർക്ക് സ്ഥലം കൊടുക്കാനുള്ള നടപടികൾ ഉണ്ടാകണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട ഹൈബി ഈഡൻ ഇവിടെ ഉന്നയിച്ചത

നുസരിച്ച് ഈ കേസ് ഗവൺമെന്റ് വളരെ ഗൗരവകരമായി പരിശോധിക്കുന്നതാണ്. ഇപ്പോൾ അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്. അതിന്റെ അടിസ്ഥാനത്തിൽ ഇന്ത്യൻ ശിക്ഷാനിയമം 406, 409, 420, 34 വകുപ്പുകൾ പ്രകാരം 17-07-2012 തീയതിയിൽ ഇക്കണോമിക് ഒഫൻസ് കോടതിയിൽ ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

**മത്സ്യബന്ധനോപകരണങ്ങൾ തകർന്നുപോയവർക്ക് സഹായം.**

ശ്രീ. വർക്കല കഹാർ: സർ, എന്റെ നിയോജക മണ്ഡലത്തിൽപ്പെട്ട ഏതാനും മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കെ കടൽക്ഷോഭത്തിൽപ്പെട്ട് വള്ളം മുങ്ങുകയും വലയും അനുബന്ധ മത്സ്യ ബന്ധന ഉപകരണങ്ങൾ നഷ്ടമാവുകയും ചെയ്തു. ഇവർ ഇക്കാര്യം വിവിധ അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും പരിമിതമായ തുക മാത്രമേ നൽകാൻ കഴിയൂ എന്നുള്ളതായിരുന്നു അവർക്ക് കിട്ടിയ മറുപടി. ബാങ്കിൽ നിന്നും മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിൽ നിന്നും ലക്ഷക്കണക്കിന് രൂപ വായ്പയെടുത്താണ് ഈ ഉപകരണങ്ങൾ വാങ്ങിയിട്ടുള്ളത്. യൂക്കോ ബാങ്ക് വർക്കല ശാഖയിൽ നിന്നും മത്സ്യ ത്തൊഴിലാളി സഹകരണ സംഘത്തിൽ നിന്നും നിരന്തരം നോട്ടീസ് ലഭി ച്ചുകൊണ്ടിരിക്കുകയാണ്. മത്സ്യത്തൊഴിലാളികളായ ഇവർക്ക് ഇത്രയും വലിയ ബാധ്യത തീർക്കാൻ യാതൊരു നിവൃത്തിയുമില്ല. ഇക്കാര്യത്തിൽ ഗവൺമെന്റ് അടിയന്തിരമായി ഇടപെടണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി യുടെ ജനസമ്പർക്ക പരിപാടിയിൽ ഈ പ്രശ്നം അവർ ഉന്നയിച്ചപ്പോൾ അതിന്റടിസ്ഥാനത്തിൽ അദ്ദേഹം റിപ്പോർട്ട് ആവശ്യപ്പെടുകയും കളക്ടർ അതിനാവശ്യമായ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതൊരു പ്രത്യേക കേസായി പരിഗണിക്കാൻ മുഖ്യമന്ത്രിയുടെകൂടി അടിയന്തര ഇടപെടൽ ഇക്കാര്യത്തിൽ ഉണ്ടാകുന്നതിന് ബഹുമാന്യനായ മന്ത്രി ശ്രദ്ധി ക്കണമെന്ന് ഈ അവസരത്തിൽ ഞാൻ അഭ്യർത്ഥിക്കുകയാണ്.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, കടൽക്ഷോഭത്തിലും മത്സ്യബന്ധനത്തിനിടയിലും മര ണപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് മൂന്നു ലക്ഷം രൂപ വരെ ഇൻഷ്വറൻസ് ധനസഹായം നൽകിവരുന്നുണ്ട്. കടൽക്ഷോഭ ദുരന്ത ത്തിൽ മാരകമായ പരിക്കേൽക്കുന്നവർക്ക് കുറഞ്ഞത് 2500–35000 രൂപ വരെ ധനസഹായം നൽകുന്നുണ്ട്. കടൽക്ഷോഭത്തിൽ മത്സ്യത്തൊഴിലാ

ളികളുടെ ജീവനോപാധികകളായ വള്ളം, ബോട്ട്, വല, കട്ടമരം എന്നിവ പൂർണ്ണമായി നഷ്ടപ്പെട്ടവർക്ക് പരമാവധി 7500 രൂപയും ഭാഗീകമായി നഷ്ടപ്പെടുന്നവർക്ക് 2500 രൂപയും നൽകുന്നുണ്ട്. യാനം ഇൻഷ്വർ ചെയ്തിട്ടുണ്ടെങ്കിൽ ക്ഷേമനിധി ബോർഡിൽനിന്നും മത്സ്യഫെഡിൽ നിന്നും ഇൻഷ്വറൻസ് തുക ലഭിക്കുന്നുണ്ട്. നിലവിൽ ഫിഷറീസ് വകുപ്പിൽ 'മത്സ്യസുരക്ഷ'യെന്ന പേരിൽ പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ മത്സ്യബന്ധനോപകരണ ഇൻഷ്വറൻസ് പദ്ധതി നിലവിലുണ്ട്. ഈ പദ്ധതിപ്രകാരം യാനം, എഞ്ചിൻ എന്നിവ ഇൻഷ്വർ ചെയ്യാവുന്നതാണ്. പ്രീമിയമായി വിലയുടെ 1.8 ശതമാനം തുക അടയ്ക്കേണ്ടതുണ്ട്. പ്രീമിയത്തിന്റെ 75 ശതമാനം സർക്കാർ വഹിക്കുകയും 25 ശതമാനം തുക മാത്രം യാനം ഉടമകൾ അടച്ചാൽ മതിയാവും. ഇൻഷ്വറൻസ് തുകയായി വിലയുടെ 75 ശതമാനം ലഭിക്കുന്നു. എന്നാൽ പ്രസ്തുത പദ്ധതിയിൽ ചേരാൻ മത്സ്യത്തൊഴിലാളികൾ കൂടുതൽ മുന്നോട്ടു വരുന്നില്ല. ഈ പദ്ധതിക്കായി ഈ വർഷം 40 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. മത്സ്യത്തൊഴിലാളികൾ മത്സ്യഫെഡിൽ നിന്ന് വായ്പയെടുക്കുമ്പോൾ അത് നിർബന്ധമായും ഇൻഷ്വർ ചെയ്യും. എന്നാൽ ബാങ്കുകളിൽനിന്ന് അവർ വായ്പയെടുക്കുമ്പോൾ പ്രീമിയം തുക വളരെ കൂടുതലായതുകൊണ്ട് മത്സ്യത്തൊഴിലാളികൾ ഇൻഷ്വർ ചെയ്യുന്നില്ല. ഇത് വളരെ ഗൗരവമുള്ള ഒരു പ്രശ്നമാണ്. ഗവൺമെന്റിന് ഇതിനുവേണ്ടി പ്രത്യേക സ്കീമില്ല. ഇക്കാര്യം പ്രത്യേകം പരിശോധിച്ച് ശ്രീ. വർക്കല കഹാർ ചൂണ്ടിക്കാണിച്ചതുപോലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ ഇക്കാര്യം കൊണ്ടുവരുന്നതാണ്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് എന്തെങ്കിലും സഹായം ഇവർക്കുനൽകാൻ സാധിക്കുമോയെന്ന് ഗൗരവമായി പരിശോധിക്കുന്നതാണ്.

**ആശ്വാസ് 2012-ന്റെ കാലാവധി**

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ: സർ, സംസ്ഥാനത്തെ സഹകരണ സംഘങ്ങളിലെ കുടിശ്ശിക നിവാരണത്തിനും കുടിശ്ശികകൾക്ക് ആശ്വാസം നൽകുന്നതിനുമുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയായ 'ആശ്വാസ് 2012'-ന്റെ കാലാവധി 2012 ആഗസ്റ്റ് 31-ന് അവസാനിക്കുകയാണ്. കേരളത്തിൽ വിളവെടുപ്പില്ലാത്ത കർക്കിടകമാസം, മുസ്ലീം ജനവിഭാഗത്തിന്റെ നോമ്പ് എന്നിവ ഈ കാലയളവിലാണ് വരുന്നത്. അതുമാത്രമല്ല, ഈ നിയമത്തിലെ ചില പിശകുകളാൽ ചിറയിൻകീഴ് സഹകരണ ബാങ്ക് പോലെയുള്ള ചില ബാങ്കുകൾ ഇതിന് സ്റ്റേ വാങ്ങിയിരിക്കുകയാണ്. ഈ സാഹചര്യത്തിൽ 'ആശ്വാസ് 2012' -ന്റെ കാലാവധി 2012 ഒക്ടോബർ 31 വരെ ദീർഘിപ്പിക്കാൻ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുന്നു.

സഹകരണവും ഖാദി-ഗ്രാമവ്യവസായവും മലിനീകരണനിയന്ത്രണവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ): സർ, സംസ്ഥാന സഹകരണ സംഘങ്ങളിലെ/ബാങ്കുകളിലെ കുടിശ്ശിക നിവാരണത്തിനും കുടിശ്ശികക്കാരായ സാധാരണക്കാർക്ക് ആശ്വാസം നൽകി വായ്പകളിൽ ഇളവുകൾ അനുവദിച്ച് കുടിശ്ശിക തീർക്കുന്നതിനുള്ള അവസരമൊരുക്കുന്നതിനും അതുവഴി കുടിശ്ശികരഹിത വായ്പാസഹകരണ സംഘങ്ങൾ എന്ന ലക്ഷ്യം നടപ്പിലാക്കുന്നതിനും വേണ്ടിയാണ് സർക്കാരിന്റ ഒന്നാം വാർഷികത്തോടനുബന്ധിച്ച് കുടിശ്ശിക നിവാരണ പദ്ധതി - 'ആശ്വാസ് 2012' കേരളത്തിലെ സഹകരണ വായ്പാ സംഘങ്ങൾ നടപ്പിലാക്കിവരുന്നത്. 2012 ജൂലൈ ഒന്നുമുതൽ ആഗസ്റ്റ് 31 വരെയാണ് ഈ പദ്ധതിയുടെ കാലയളവ്. ഈ പദ്ധതിയിലൂടെ നിരവധി ഇളവുകളാണ് കുടിശ്ശികക്കാരായ വായ്പക്കാർക്ക് അനുവദിക്കപ്പെട്ടിട്ടുള്ളത്. ഇപ്രകാരമുള്ള ഇളവുകൾ അനുവദിക്കുന്നത് സഹകരണസംഘങ്ങളുടെ/ബാങ്കുകളുടെ കുടിശ്ശിക കുറയ്ക്കുന്നതിന് ഇടയാക്കുമെങ്കിലും ബാങ്കുകളുടെ

സാമ്പത്തികഭദ്രതയെ ഇത് സാരമായി ബാധിക്കുന്നുണ്ട്. മാത്രമല്ല ഇതേ സ്കീം 2011 ജൂലൈ 1 മുതൽ സെപ്തംബർ 15 വരെ സർക്കാർ നടപ്പിലാക്കിയിരുന്നു. നിക്ഷേപങ്ങളും സെൻട്രൽ അപ്പെക്സ് ബാങ്കുകളിൽനിന്നുള്ള വായ്പയുമുപയോഗിച്ച് വായ്പാവിതരണം നടത്തുന്ന വായ്പാ സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തെ ഇത് ബാധിക്കുമെന്നതിനാൽ ആശ്വാസ് 2012-ന്റെ കാലാവധി ഒക്ടോബർ 31 വരെ ദീർഘിപ്പിക്കണമെന്ന ആവശ്യം ഇപ്പോൾ പരിഗണിക്കാൻ കഴിയില്ല.

## മാലിന്യ നിർമ്മാർജ്ജന പ്ലാന്റ്

ശ്രീ. സി. മമ്മൂട്ടി: സർ, തിരൂരിൽ ഒരു ഖരമാലിന്യ പ്ലാന്റ് സ്ഥാപിക്കുന്നതിനെക്കുറിച്ചാണ് എന്റെ സബ്മിഷൻ. ഏറ്റവും അത്യാധുനിക സാങ്കേതികവിദ്യയുപയോഗിച്ചുകൊണ്ട് തിരുവനന്തപുരം കോർപ്പറേഷനിൽ ചെയ്തതുപോലെ അത്ര വലുതല്ലെങ്കിലും, ഒരു ഖരമാലിന്യ പ്ലാന്റ് തിരൂരിൽ സ്ഥാപിക്കേണ്ടത് അത്യാവശ്യമാണ്. ആ പ്ലാന്റിനാവശ്യമായ മാലിന്യത്തിൽ കുറവ് വരികയാണെങ്കിൽ മുനിസിപ്പാലിറ്റിയുടെ ചുറ്റുപാടുമുള്ള പൊന്നാനി, കോട്ടയ്ക്കൽ, മലപ്പുറം എന്നിവിടങ്ങളിലെ മാലിന്യങ്ങൾകൂടി ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള ഒരു ഖരമാലിന്യ പ്ലാന്റ് സ്ഥാപിക്കുകയാണെങ്കിൽ ലാഭകരമായും നല്ല രീതിയിൽ നടത്തിക്കൊണ്ടുപോകാനും സാധിക്കുന്നതാണ്. അതുകൊണ്ട് നല്ല രീതിയിലുള്ള ഒരു ഖരമാലിന്യ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടിയുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, എല്ലാ എം.എൽ.എ. മാരും ബഹുമാനപ്പെട്ട സി. മമ്മൂട്ടി പറഞ്ഞതുപോലെ ചിന്തിക്കുകയാണെങ്കിൽ എത്ര നന്നായിരുന്നു.

മി. സ്പീക്കർ: അദ്ദേഹം പറഞ്ഞത് സമീപത്തുള്ള മാലിന്യങ്ങൾ അങ്ങോട്ട് കൊണ്ടുവരാമെന്നാണ്.

ശ്രീ. മഞ്ഞളാംകുഴി അലി: അതേ. എല്ലാവരും അതുപോലെ ചിന്തിക്കുകയാണെങ്കിൽ എത്ര നന്നായിരുന്നുവെന്ന് ഞാൻ ആലോചിക്കുകയാണ്. നമ്മുടെ കേരളത്തിൽ 50 ടൺ മുതൽ 500 ടൺ വരെയുള്ള 7 പ്ലാന്റുകളാണ് ഉദ്ദേശിക്കുന്നത്. പക്ഷേ ഇതിൽ ചെറിയ പ്ലാന്റുകൾക്ക് കാര്യമായ എൻക്വയറിയൊന്നും വന്നിട്ടില്ല. ഇതുപോലെയുള്ള ചെറിയ പ്ലാന്റുകൾ സ്ഥാപിക്കാൻ ആരും മുന്നോട്ടുവരുന്നില്ല. 300 ടണ്ണിന് മുകളി

ലുള്ളത് മാത്രമേ എക്കണോമിക്കലി വയബിളാകുകയുള്ളൂവെന്ന് പറയുന്നു. അതുകൊണ്ട് തിരൂർ പോലെയുള്ള ചെറിയൊരു പ്രദേശത്ത് ചെറിയൊരു പ്ലാന്റ് സ്ഥാപിക്കാൻ കഴിയില്ല. പക്ഷേ ചുറ്റുപാടുമുള്ള എല്ലാ മുനിസിപ്പാലിറ്റികളേയും കേന്ദ്രീകരിച്ച് ഒരു പ്ലാന്റ് തുടങ്ങുകയാണെങ്കിൽ നല്ലതായിരിക്കും. സ്വാഭാവികമായും ഇക്കാര്യത്തെക്കുറിച്ച് സർക്കാർ അന്വേഷിക്കുന്നതും അതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്.

## ആയുർവ്വേദ ഡിസ്പെൻസറിയെ ആശുപത്രിയായി ഉയർത്തണമെന്ന ആവശ്യം

ശ്രീ. പി.കെ. ബഷീർ: സർ, എന്റെ നിയോജക മണ്ഡലത്തിലെ 7 പഞ്ചായത്തുകളിൽ ഒരിടത്തും ഒരു ആയുർവ്വേദ ആശുപത്രിയില്ല, എല്ലാം ഡിസ്പെൻസറികളാണ്. എന്റെ മണ്ഡലത്തിലെ അരീക്കോട്, സർക്കാർ ഉടമയിൽത്തന്നെയുള്ള 60 സെന്റ് സ്ഥലത്താണ് ഒരു ഡിസ്പെൻസറി ഇപ്പോൾ പ്രവർത്തിക്കുന്നത്. അതുകൊണ്ട് അരീക്കോട് ഡിസ്പെൻസറിയെ ഒരു ആയുർവ്വേദ ഡിസ്പെൻസറിയാക്കി ഉയർത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നതാണ് എന്റെ ആവശ്യം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ): സർ, അരീക്കോട് ഗവൺമെന്റ് ആയുർവ്വേദ ഡിസ്പെൻസറിയെ ആശുപത്രിയാക്കി ഉയർത്തുന്നതിന് പഞ്ചായത്തിന്റെ തീരുമാനവും ഭൗതികസൗകര്യങ്ങളുടെ ലഭ്യതയും ആവശ്യമാണ്. അവ ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. ഡിസ്പെൻസറിയെ ആശുപത്രിയാക്കി മാറ്റണമെങ്കിൽ 10 കിടക്കകളുള്ള ആശുപത്രിയാക്കണം, കൂടാതെ 4 അധികമായ തസ്തികകൾ കൂടി സൃഷ്ടിക്കേണ്ടതുമുണ്ട്. ഭൗതികസാഹചര്യങ്ങളും ജീവനക്കാരേയും ലഭ്യമാകുന്ന മുറയ്ക്ക് ഈ ഡിസ്പെൻസറിയെ ആശുപത്രിയാക്കുന്ന കാര്യം പരിഗണിക്കാം.

## മറൈൻ ആംബുലൻസ് സംവിധാനം

ശ്രീ. റ്റി.വി. രാജേഷ്: സർ, മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് അപകടം സംഭവിക്കുന്നതും ജീവഹാനി സംഭവിക്കുന്നതും ഒരു പതിവായി മാറിയിരിക്കുകയാണ്. കഴിഞ്ഞ വർഷം, 2010-2011 വർഷത്തിൽ 61 പേർ മുങ്ങിമരിക്കുകയും 36 പേർ ഹൃദയസ്തംഭനം മൂലം കടലിൽ മരണപ്പെടുകയും ചെയ്തിട്ടുണ്ട്. സമഗ്രമായ ഒരു കടൽ സുരക്ഷാ സംവിധാനമുണ്ടാകേണ്ടതിന്റെ ആവശ്യകതയിലേയ്ക്കാണ് ഇത് വിരൽ ചൂണ്ടുന്നത്. നമ്മുടെ നിലവിലുള്ള സംവിധാനത്തിലെ ഏറ്റവും വലിയ ന്യൂനത, രക്ഷാപ്രവർത്തനങ്ങൾക്ക് ഏർപ്പെടുത്തിയിരിക്കുന്ന ബോട്ടുകൾ ഫിഷിംഗ് ബോട്ടുകളാണെന്നുള്ളതാണ്. ഇത്തരം ബോട്ടുകൾക്ക് വേഗത കുറവാണെന്നതും ജലനിരപ്പിൽ നിന്ന് ബോട്ടിന്റെ പ്ലാറ്റ്ഫോം വളരെ ഉയരത്തിലാണെന്നതും രക്ഷാപ്രവർത്തനങ്ങൾക്ക് തടസ്സമാണ്. മാത്രവുമല്ല, പ്രസ്തുത ബോട്ടുകളിൽ പ്രാഥമിക ശുശ്രൂഷയ്ക്കുവേണ്ട അത്യാവശ്യ സംവിധാനങ്ങളില്ലാത്തതും ഒരു പ്രശ്നമാണ്. ഈ സാഹചര്യത്തിൽ ഏത് പ്രതികൂല കാലാവസ്ഥയിലും കടലിൽ പോകാൻ കഴിയുന്ന അത്യാധുനിക വാർത്താവിനിമയ സംവിധാനങ്ങളുള്ള അതായത് സ്ട്രക്ച്ചർ, ഓക്സിജൻ, മുറിവുകൾ കെട്ടുന്നതിനുള്ള സംവിധാനം, പ്രഥമശുശ്രൂഷയ്ക്കുവേണ്ടിയുള്ള എല്ലാ സജ്ജീകരണങ്ങളുമൊക്കെയുള്ള മറൈൻ ആംബുലൻസ് സിസ്റ്റം കൊണ്ടുവരാൻ ഗവൺമെന്റ് തയ്യാറാകണം. കേരളത്തിലെ തീരദേശങ്ങളിൽ 30 കി.മീറ്റർ ദൂരത്തെങ്കിലും അത്യാധുനിക സൗകര്യമുള്ള മറൈൻ ആംബുലൻസ് പ്രവർത്തനസജ്ജമാക്കുന്നത് മത്സ്യത്തൊഴിലാളികളുടെ ജീവന് സുരക്ഷയുണ്ടാക്കുന്നതിന് സഹായകരമായിത്തീരും. അതിനുള്ള നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, മത്സ്യബന്ധനത്തിൽ ഏർപ്പെട്ടവരെ അപകട

ത്തിൽനിന്ന് രക്ഷിക്കുന്നതിന് 24 മണിക്കൂറും തുറന്നുപ്രവർത്തിക്കുന്ന കൺട്രോൾ റൂം ഇപ്പോൾ പ്രവർത്തിച്ചുവരുന്നുണ്ട്. പ്രവർത്തന സന്നദ്ധരായ മറൈൻ എൻഫോഴ്സ്മെന്റ് വിംഗ് ഉദ്യോഗസ്ഥരുടെ സേവനവും പട്രോൾ ബോട്ടുകളും ട്രോൾബാൻ കാലയളവിൽ കടൽരക്ഷാപ്രവർത്തനത്തിന് 24 മണിക്കൂറും ലഭ്യമാണ്. അപകടം റിപ്പോർട്ട് ചെയ്യപ്പെടുന്ന മുറയ്ക്ക് മറൈൻ എൻഫോഴ്സ്മെന്റ് വിംഗിന്റെ സഹായത്തോടെ രക്ഷാപ്രവർത്തനങ്ങൾ നടത്തിവരുന്നു. പ്രസ്തുത ബോട്ടുകളിലും വള്ളങ്ങളിലും ലൈഫ് ഗാർഡുകൾ കടൽരക്ഷാ ഉപകരണങ്ങളായ ജി.പി.എസ്., റേഡിയോ ബീക്കൺ, എക്കോ സൗണ്ടർ, വി.എച്ച്.എഫ്. മുതലായവ രക്ഷാമാർഗ്ഗത്തിനായി ഉപയോഗിക്കപ്പെടുന്നു. മത്സ്യബന്ധനത്തിൽ ഏർപ്പെടുന്നവർ അപകടത്തിൽപ്പെട്ടാൽ രക്ഷപ്പെടുത്തുന്നതിന് മത്സ്യത്തൊഴിലാളികൾക്ക് പരിശീലനം നൽകി അവരെ ലൈഫ് ഗാർഡുകളായി നിയോഗിച്ചുവരുന്നു. കൺട്രോൾ റൂമിൽ പ്രവർത്തിക്കുന്നവർക്ക് അപകട അറിയിപ്പ് കിട്ടിയാലുടൻതന്നെ നമ്മുടെ ബോട്ടുകൾ ഉപയോഗിച്ചുള്ള രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു. അതോടൊപ്പം തന്നെ കോസ്റ്റ് ഗാർഡിനെയും നേവിയെയും വിവരമറിയിക്കുകയും ചെയ്യുന്നു. അതനുസരിച്ച് കോസ്റ്റ് ഗാർഡും നേവിയും രക്ഷാപ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. നേവി കൂടുതൽ സൗകര്യങ്ങളുള്ള ബോട്ടുകൾ ഉപയോഗിക്കുന്നതോടൊപ്പം കൂടുതൽ വിദഗ്ദ്ധരായ സേനാംഗങ്ങളെ രക്ഷാപ്രവർത്തനങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നുണ്ട്. ഹൃദയാഘാതംപോലെയുള്ള അസുഖങ്ങൾ വരുമ്പോൾ കടലിൽവച്ച് പ്രാഥമിക ചികിത്സ നൽകാനുള്ള സംവിധാനം നമ്മുടെ ബോട്ടുകളിൽ ലഭ്യമല്ലെന്ന് ശ്രീ. റ്റി.വി. രാജേഷ് ചൂണ്ടിക്കാണിച്ച കാര്യം ശരിയാണ്. കടലിലെ രക്ഷാപ്രവർത്തനങ്ങൾക്കുവേണ്ടി മറൈൻ ആംബുലൻസ് സംവിധാനം തീരദേശങ്ങളിൽ ഏർപ്പെടുത്തണമെന്ന് അദ്ദേഹം ചൂണ്ടിക്കാണിച്ചത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. ഇതുവരെ നമുക്ക് അങ്ങനെയൊരു സംവിധാനമില്ല. അതിന്റെ പ്രായോഗികവും സാങ്കേതികവുമായ പ്രശ്നങ്ങൾ പരിശോധിച്ച് ഇക്കാര്യ

ത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. സംസ്ഥാന മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ആലപ്പുഴ കേന്ദ്രീകരിച്ച് ഒരു പൈലറ്റ് പ്രോജക്ടായി ഒരു ആംബുലൻസ് ഏർപ്പെടുത്തുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തീർച്ചയായും ഇതിന്റെ പ്രായോഗികമായ വശം പരിശോധിച്ച് ഇതിന് അനുകൂലമായ തീരുമാനമെടുക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കും.

## കനോലി കനാൽ ഗതാഗതയോഗ്യമാക്കൽ

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, ബ്രിട്ടീഷ് ഭരണകാലത്ത് ചരക്ക് ഗതാഗതം സുഗമമാക്കുന്നതിനുവേണ്ടി ഉണ്ടാക്കിയ കനോലി കനാൽ, പൊന്നാനി, ബേപ്പൂർ, കോഴിക്കോട് തുടങ്ങിയ തുറമുഖ നഗരങ്ങളെ ബന്ധിപ്പിക്കുന്ന ഒന്നാണ്. 1848-ൽ മലബാർ ജില്ലാകളക്ടറായിരുന്ന കനോലിയാണ് ഈ കനാൽ നിർമ്മിച്ചത്. വെസ്റ്റ് കോസ്റ്റ് കനാൽ നെറ്റ് വർക്കിന്റെ ഭാഗമായി കനോലി കനാൽ ഒരു കാലഘട്ടത്തിൽ ഈ പ്രദേശത്തിന്റെ പ്രതാപത്തിന്റെ ചിഹ്നമായിരുന്നു. കനോലി കനാൽ ഇന്ന് പാരിസ്ഥിതികമായി ഭീഷണിയുയർത്തുന്ന ഒരു അപകടസാദ്ധ്യതയായി മാറിയിരിക്കുകയാണ്. കാലാനുസൃതമായി മണ്ണെടുക്കുകയോ ആഴം കൂട്ടുകയോ ഭിത്തികെട്ടി സംരക്ഷിക്കുകയോ ചെയ്യാത്തതുമൂലം ഈ കനാലിന്റെ കരകൾ അന്യാധീനപ്പെട്ട് മാലിന്യ കൂമ്പാരമായി മാറിക്കൊണ്ടിരിക്കുന്നു. ഈ കനാലിനോട് ബന്ധപ്പെട്ട് കിടക്കുന്ന പൊന്നാനി-തിരൂർ പുഴയിലെ മാലിന്യത്തിന്റെ ആധിക്യംകൊണ്ട് മത്സ്യങ്ങൾ ചത്തുപൊങ്ങുകയും അതിലെ വെള്ളം കുടിച്ച് കന്നുകാലികൾ ചത്തുപോകുകയും ചെയ്ത സംഭവങ്ങൾവരെ ഉണ്ടാകുകയും ചെയ്തിട്ടുണ്ട്. ഈ പുഴയോട് ചേർന്നാണ് കനോലി കനാൽ സ്ഥിതിചെയ്യുന്നത്. മണ്ണെടുത്ത് ആഴം കൂട്ടിയാൽ ടൂറിസം രംഗത്ത് ഏറെ സാദ്ധ്യതയുള്ള കനോലി കനാൽ കൂട്ടായി ടൂറിസ്റ്റ് കേന്ദ്രം മുതൽ ഒട്ടുമ്പ്ര ടൂറിസ്റ്റ് കേന്ദ്രം വരെ വിനോദസഞ്ചാര ബോട്ട് സർവ്വീസ് നടത്താനും കീരാനെല്ലൂർ ടൂറിസ്റ്റ് കേന്ദ്രവുമായി ഇതിനെ സംയോജിപ്പിക്കാനും തീരുമാനിച്ചിരുന്നു. ചരിത്രപ്രസിദ്ധമായ ടിപ്പു സുൽത്താൻ റോഡിന് സമാന്തരമായാണ് കനോലി കനാൽ സ്ഥിതിചെയ്യുന്നത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ആദ്യ ബഡ്ജറ്റ് പ്രസംഗത്തിൽത്തന്നെ ഇക്കാര്യം പരാമർശിച്ചിരുന്നുവെങ്കിലും ഇതുവരെ ഒരു നടപടിയുമുണ്ടായിട്ടില്ല. കനോലി കനാൽ അഭിവൃദ്ധിപ്പെടുത്തുന്നതിന് നീക്കിവച്ച കോടിക്കണക്കിന് രൂപ ഇറിഗേഷൻ

വകുപ്പ് വിനിയോഗിച്ചിട്ടില്ലെന്നറിയുന്നു. മലപ്പുറം ഇറിഗേഷൻ ഡിവിഷന് കീഴിൽ കൂട്ടായി മുതൽ പൂരപ്പുഴവരെ 18 കിലോ മീറ്റർ നീണ്ടുകിടക്കുന്ന കനോലി കനാലിന്റെ ഇന്നത്തെ അവസ്ഥ തുടരുകയാണെങ്കിൽ മാരക രോഗങ്ങൾ വളർത്തുന്ന മാലിന്യ കേന്ദ്രമായി ഇത് മാറും എന്നതിൽ സംശയം വേണ്ട. കോട്ടപ്പുറം-നീലേശ്വരം ദേശീയ ജലപാതയുടെ ഭാഗ മായി കനോലി കനാലിന്റെ ഇരുകരകളും സംരക്ഷിച്ച് മണ്ണെടുത്ത് ആഴം കൂട്ടി അഭിവൃദ്ധിപ്പെടുത്തുകയും കൂട്ടായി മുതൽ പൂരപ്പുഴ വരെയുള്ള കനോലി കനാലിന്റെ ഇരുകരയും ഇറിഗേഷൻ വകുപ്പിന്റെ കയ്യിലുള്ള ഭൂമിയായതിനാൽ ഇവിടങ്ങളിൽ നടപ്പാത നിർമ്മിച്ച് ടൈൽ വിരിച്ച് വൈദ്യുതീകരിച്ച് വിളക്കുകാലുകൾ സ്ഥാപിക്കുകയും ചെയ്താൽ പ്രഭാത-സായാഹ്ന സവാരിക്കുവരെ ഉപയോഗിക്കുന്ന പ്രകൃതിരമണീയമായ നടപ്പാത യായി മാറും. ഇറിഗേഷൻ വകുപ്പും ടൂറിസം വകുപ്പുമായി സംയോജിച്ച് മാത്രമേ ഈ പാത കാര്യക്ഷമമായി നടപ്പാക്കാൻ സാധിക്കുകയുള്ളൂ. 6 മീറ്റർ മുതൽ 20 മീറ്റർ വരെ വീതിയും 2 മീറ്റർ ആഴവുമുള്ള ഈ കനാൽ പുനരുദ്ധരിക്കുന്നതിന് ഇറിഗേഷൻ വകുപ്പും ടൂറിസം വകുപ്പും കൂടി ച്ചേർന്ന് പദ്ധതിക്ക് രൂപം നൽകി നടപ്പിലാക്കുന്നതിനുള്ള നടപടിയുണ്ടാക ണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ.പി. അനിൽ കുമാർ): സർ, കനോലി കനാലിന്റെ വികസനവും സംരക്ഷണവും ഏറ്റെടുത്ത് നടത്തുന്നത് ഇറിഗേഷൻ വകുപ്പാണ്. കോട്ടപ്പുറം ഭാഗം മുതൽ വടകര വരെയുള്ള സംസ്ഥാന ജലപാത യുടെ മനുഷ്യനിർമ്മിത ഭാഗമാണ് കനോലി കനാൽ. കൊല്ലം-കോട്ടപ്പുറം ഭാഗം ദേശീയ ജലപാതയായി പ്രഖ്യാപിച്ചതിനുശേഷം ഇതിന് വടക്കുഭാഗ ത്തുള്ള സംസ്ഥാന ജലപാതയെ ഗതാഗതയോഗ്യമാക്കുന്നതിനുവേണ്ട നട പടികൾ ഇറിഗേഷൻ വകുപ്പ് സ്വീകരിച്ചുവരികയാണ്. ഇതുപ്രകാരം 12-ാം ധനകാര്യ കമ്മിഷനെ ഉൾപ്പെടുത്തി കുറെയേറെ പ്രവൃത്തികൾ ചെയ്തുക

ഴിഞ്ഞു. എന്നാൽ ഈ ഭാഗങ്ങൾ പൂർണ്ണമായി സഞ്ചാരയോഗ്യമാക്കാൻ സാധിച്ചിട്ടില്ല. അതിനാൽ 13-ാം ധനകാര്യ കമ്മിഷനിൽ ഉൾപ്പെടുത്തി പൂവത്തുംകടവ് മുതൽ അണ്ടത്തോടുവരെയും അണ്ടത്തോടുമുതൽ പൊന്നാനിവരെയുള്ള പി.സി. കനാൽ, വെട്ടം മുതൽ പൂരപ്പുഴവരെയുള്ള താനൂർ-കൂട്ടായി കനാൽ ഇവയുടെ പുനരുദ്ധാരണം ഏറ്റെടുത്ത് നടത്താനായി ഇറിഗേഷൻ വകുപ്പ് ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ ഭാഗങ്ങളിലെ ജലപാത ദേശീയ ജലപാതയുടെ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനാവശ്യമായ നടപടികൾ നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. അതോടൊപ്പംതന്നെ ഇന്ന് ഇറിഗേഷൻ വകുപ്പിന് കീഴിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ പൂർത്തിയാകുന്നതോടുകൂടി മേൽപ്പറഞ്ഞ ജലപാത സഞ്ചാരയോഗ്യമാകുകയും ജലഗതാഗതത്തിനും വിനോദസഞ്ചാരത്തിനും വമ്പിച്ച സാദ്ധ്യതകളുണ്ടാകുമെന്നും ടൂറിസം വികസനത്തിന് വളരെയേറെ സഹായകരമാകുമെന്നും പ്രതീക്ഷിക്കുന്നു. കനാൽ ഗതാഗതയോഗ്യമാക്കുന്ന മുറയ്ക്ക് അനുയോജ്യമായ ടൂറിസം പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനും അത് വിപണനം ചെയ്യുന്നതിനുമുള്ള നടപടികൾ ടൂറിസം വകുപ്പ് സ്വീകരിക്കുന്നതാണ്. ഇതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട അംഗം അബ്ദുറഹിമാൻ രണ്ടത്താണി ഇവിടെ സൂചിപ്പിച്ചതുപോലെ ഇതിന്റെ പദ്ധതികൾ വളരെ പെട്ടെന്നാക്കുന്നതിനുവേണ്ടി ജലവിഭവ വകുപ്പുമന്ത്രിയുമായി ആലോചിച്ച് ഒരു മീറ്റിംഗ് നടത്തുന്ന കാര്യം ഗവൺമെന്റ് ആലോചിക്കുകയാണ്.

## മുനക്കൽ ബീച്ചിന്റെ വികസനം

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, എന്റെ മണ്ഡലത്തിലെ മനോഹരമായ അഴീക്കോട് മുനക്കൽ ബീച്ച് സംസ്ഥാനത്തെ ഏറ്റവും വിസ്തൃതിയുള്ള ബീച്ചാണ്. 60 ഏക്കറിലധികം വിസ്തൃതിയുണ്ടെന്ന് മാത്രമല്ല, മുപ്പതിനായിരത്തിലധികം കാറ്റാടിമരങ്ങൾ വച്ചുപിടിപ്പിച്ച് മനോഹരമാക്കിയിട്ടുള്ള ബീച്ചാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഇവിടെ മൂന്നര കോടിയോളം രൂപയുടെ വികസനപ്രവർത്തനങ്ങൾ നടത്തുകയുണ്ടായി. പക്ഷേ, ഈ ബീച്ചിന്റെ വിസ്തൃതിയും സൗകര്യവും അനുസരിച്ച് ഇപ്പോഴുമത് അപര്യാപ്തമായിട്ടുള്ള ഒരു വികസനം മാത്രമാണ്. അങ്ങ് അവിടെ സന്ദർശിക്കുകയും ബീച്ചിന്റെ സൗകര്യം നേരിട്ട് കാണുകയും ചെയ്തതാണ്. ലൈറ്റില്ല എന്നുള്ള പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി ഹൈമാസ്ക് ലൈറ്റ് എം.എൽ.എ. ഫണ്ടുപയോഗിച്ചുകൊണ്ട് സ്ഥാപിക്കാൻവേണ്ടി അനുമതി കൊടുത്തിട്ടുണ്ട്. ഏറ്റവും പ്രധാനപ്പെട്ട കാര്യം, അഴിമുഖത്തോടു ചേർന്നുകിടക്കുന്നതും ചരിത്ര പ്രസിദ്ധമായ കൊടുങ്ങല്ലൂരിന്റെ കവാടവുമായി ചേർന്നുകിടക്കുന്നതുമാണ് ഈ ബീച്ച് എന്നുള്ളതുകൊണ്ട് ആയിരക്കണക്കിന് ആളുകളാണ് എല്ലാം ദിവസങ്ങളിലും പ്രത്യേകിച്ച് ഞായറാഴ്ചകളിലും വന്നുകൊണ്ടിരിക്കുന്നത്. ഒരു ടൂറിസ്റ്റ് കേന്ദ്രമെന്ന നിലയിൽ ഇനിയും ഒരുപാട് സൗകര്യങ്ങൾ അവിടെ ആവശ്യമുണ്ട്. സമഗ്രമായ ഒരു പ്രോജക്ട് അതുമായി ബന്ധപ്പെട്ടുകൊണ്ട് സമർപ്പിക്കപ്പെട്ടിട്ടുണ്ട്. അക്കാര്യം പരിശോധിച്ചുകൊണ്ട് അത് നടപ്പാക്കാനാവശ്യമായ നടപടിയുണ്ടാകണം. കൂടാതെ അവിടെ ടൂറിസ്റ്റ് ഡിപ്പാർട്ട്മെന്റിന്റെ ഒരു ഗസ്റ്റ് ഹൗസ് നിർമ്മിക്കുകയാണെങ്കിൽ ആളുകൾക്ക് അവിടെ വരുന്നതിന് ഒരുപാട് സൗകര്യമുണ്ടാകും. അതുകൂടി പരിഗണിച്ചുകൊണ്ട് അവിടെ ഒരു ഗസ്റ്റ് ഹൗസ് സ്ഥാപിക്കുന്നതിനും അവിടത്തെ വികസന പ്രവർത്തനങ്ങൾക്കുവേണ്ട ഫണ്ട് അനുവദിക്കുന്നതിനും സംസ്ഥാനത്തെ ഏറ്റവും പ്രധാനപ്പെട്ട ഒരു ബീച്ചാക്കി ഇതിനെ

വളർത്തിയെടുക്കാനും കഴിയുന്ന രീതിയിൽ എല്ലാ സഹായങ്ങളും ചെയ്യ ണമെന്ന് ഈ സബ്മിഷനിലൂടെ അങ്ങയോട് സവിനയം അഭ്യർത്ഥിക്കു ന്നു.

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ): സർ, ടൂറിസം വകുപ്പ് വിക സിപ്പിച്ചെടുത്ത തൃശ്ശൂർ ജില്ലയിലെ പ്രധാനപ്പെട്ട വിനോദസഞ്ചാര കേന്ദ്ര ങ്ങളിൽ ഒന്നാണ് ഏറിയാട് ഗ്രാമപഞ്ചായത്തിലെ മുനക്കൽ ബീച്ച്. വിവിധ ഘട്ടങ്ങളിലായാണ് ഈ ബീച്ചിന്റെ വികസന പ്രവർത്തനം നടത്തിയിട്ടുള്ള ത്. നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചതിനെ തുടർന്ന് ആയിരക്കണക്കിന് വിനോദസഞ്ചാരികൾ ഇവിടം സന്ദർശിക്കുന്നതിനായി എത്തിച്ചേരുന്നുണ്ട്. ഈ ബീച്ചിൽ സന്ദർശനം നടത്തുന്ന വിനോദസഞ്ചാ രികൾക്ക് കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതിന്റെ ആവശ്യകത യെക്കുറിച്ച് സർക്കാരിന് ഉത്തമബോദ്ധ്യമുണ്ട്. ബഹുമാനപ്പെട്ട അംഗം വി. എസ്. സുനിൽകുമാറിനോടൊപ്പം ഞാൻ ഈ ബീച്ചിൽ പോകുകയുണ്ടാ യി. അദ്ദേഹം പറഞ്ഞത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഈ ബീച്ചിന്റെ അടുത്തഘട്ട വികസനം തീർച്ചയായും അനിവാര്യമാണ്. അത്തരത്തി ലുള്ള ഒരു വികസനത്തിനാവശ്യമായ രീതിയിലുള്ള, ഒരു റിപ്പോർട്ട് ലഭ്യ മായിട്ടുണ്ടെങ്കിൽ കൂടി, അതിനേക്കാൾ വിപുലമായ ഒരു റിപ്പോർട്ട് സമർപ്പിക്കുന്നതിനുവേണ്ടി തൃശ്ശൂർ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന് നിർദ്ദേശം നൽകിയിട്ടുണ്ട്. അത് ലഭ്യമായിക്കഴി ഞ്ഞാലുടനെ ബഹുമാനപ്പെട്ട അംഗത്തേയുംകൂടി പങ്കെടുപ്പിച്ച് കാര്യങ്ങൾ ചർച്ച ചെയ്ത് മുനക്കൽ ബീച്ചിന്റെ വികസന പ്രവർത്തനത്തിനാവശ്യ മായ നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

## ബൈപ്പാസ് റോഡ് നിർമ്മാണം

ശ്രീ. സാജു പോൾ: സർ, മരവ്യവസായ കേന്ദ്രമായ പെരുമ്പാവൂർ വാഹനബാഹുല്യവും ഗതാഗതക്കുരുക്കുംമൂലം വീർപ്പുമുട്ടുകയാണ്. ശബരിമല, മലയാറ്റൂർ തീർത്ഥാടകരും നെടുമ്പാശ്ശേരിയിലേയ്ക്കും മൂന്നാറിലേയ്ക്കുമുള്ള യാത്രക്കാരുമൊക്കെ ഇതുവഴിയാണ് പോകുന്നത്. പെരുമ്പാവൂരിലെ മുഴുവൻ ജനങ്ങളും ഒരു ബൈപ്പാസ് റോഡിനായി കാത്തിരിക്കുകയാണ്. ഭരണാനുമതി ലഭിച്ച് ദിശ നിർണ്ണയിച്ച നിർദ്ദിഷ്ട ബൈപ്പാസിന്റെ സ്ഥലമേറ്റെടുക്കൽ ഇപ്പോൾ സ്തംഭിച്ചിരിക്കുകയാണ്. ലാന്റ് അക്വസിഷൻ ഓഫീസറെ വച്ചു, 6(1) നോട്ടിഫിക്കേഷൻ ഇറങ്ങി. മൂന്നര കിലോമീറ്റർ നീളത്തിൽ 30 മീറ്റർ വീതിയിൽ 25 ഏക്കർ സ്ഥലം വേണം. ഒരു വീടുപോലും പൊളിക്കേണ്ടതില്ല. ഈ സർക്കാർ വന്നതിനുശേഷം ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയും റവന്യൂ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും പങ്കെടുത്ത രണ്ട് യോഗങ്ങൾ ചേർന്നു. യു.ഡി.എഫ്. കൺവീനറും കോൺഗ്രസ് നേതാക്കളായ മുനിസിപ്പൽ ചെയർമാനും മൂന്നു പഞ്ചായത്ത് പ്രസിഡന്റുമാരും രാഷ്ട്രീയ കക്ഷി നേതാക്കളുമൊക്കെ ആ യോഗത്തിൽ പങ്കെടുത്തു. ബഹുമാന്യനായ മന്ത്രിക്ക് പെരുമ്പാവൂരിന്റെ ഈ പ്രശ്നങ്ങൾ നേരിട്ടറിയാവുന്നതാണ്. ബഹുമാന്യനായ മത്സ്യബന്ധനവും തുറമുഖവും എക്സൈസ് വകുപ്പുമന്ത്രിയും ബഹുമാന്യനായ തൃക്കാക്കര അംഗവുമൊക്കെ എപ്പോഴും വന്നുപോകുന്ന സ്ഥലമാണ്. ഭൂവുടമകളുടെ പരാതി ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം പരിശോധിക്കുകയും പരിഹരിക്കുകയും ചെയ്തു. പെരുമ്പാവൂരിന്റെ ഏറ്റവും പ്രാധാന്യമേറിയ ഈ പ്രശ്നത്തിൽ ബഹുമാനപ്പെട്ട മന്ത്രി അടിയന്തിര നടപടി സ്വീകരിക്കണമെന്നും സ്ഥലമേറ്റെടുക്കൽ ഉടനെ പുനരാരംഭിക്കണമെന്നും ബൈപ്പാസ് യാഥാർത്ഥ്യമാക്കണമെന്നും വളരെ വിനയത്തോടുകൂടി ഞാൻ അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചതുപോലെ നിരവധി മീറ്റിംഗുകൾ ഇതുമായി ബന്ധപ്പെട്ട് ഈ ഗവൺമെന്റ് വന്നതിനുശേഷം നടത്തുകയുണ്ടായി. ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ റവന്യൂ വകുപ്പുമന്ത്രിയായിരുന്നപ്പോൾ അദ്ദേഹത്തിന്റെ സാന്നിദ്ധ്യത്തിൽ യോഗം ചേരുകയുണ്ടായി. ഇക്കാര്യങ്ങളിന്മേൽ തീരുമാനമെടുക്കുന്നതിന് ഇപ്പോൾ വഴിതെളിഞ്ഞിരിക്കുകയാണ്. തീരുമാനമെടുക്കുന്നതിനുവേണ്ടി പി.ഡബ്ല്യൂ.ഡി. പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അതോടുകൂടി അലൈൻമെന്റ് അന്തിമമായാൽ ഭൂമി ഏറ്റെടുക്കുന്നതു സംബന്ധിച്ച നടപടിക്രമങ്ങൾ ആരംഭിക്കുന്നതാണ്.

## ബൈപ്പാസിന്റെ എലിവേറ്റഡ് പാതാനിർമ്മാണം

ശ്രീ. കെ. ദാസൻ: സർ, യാത്രാദുരിതം അനുദിനം പെരുകിവരുന്നതും നിത്യേന റിപ്പോർട്ട് ചെയ്യപ്പെടുന്ന അപകടമരണങ്ങളും കൊയിലാണ്ടി പട്ടണത്തെ വീർപ്പുമുട്ടിക്കുകയാണ്. ദേശീയപാതാ വികസനത്തിന്റെ ഭാഗമായി ധാരാളം വീടുകളും കടകളും ആരാധനാലയങ്ങളും ആശുപത്രികളും നഷ്ടപ്പെടാതിരിക്കുന്നതിനുവേണ്ടി കൊയിലാണ്ടി നഗരത്തിൽ സർവ്വേ നടത്തി എലിവേറ്റഡ് പാത നിർമ്മിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ബഹുമാനപ്പെട്ട തോമസ് ഉണ്ണിയാടൻ, എം.എൽ.എ.യുടെ നേതൃത്വത്തിലുള്ള നിയമസഭാ സമിതി പ്രസ്തുത സ്ഥലം പരിശോധിച്ചതിനുശേഷം എലിവേറ്റഡ് പാത നിർമ്മിക്കുന്നത് സംബന്ധിച്ച ഒരു നിർദ്ദേശം ഗവൺമെന്റിന്റെ മുമ്പിൽ വയ്ക്കുകയുണ്ടായി. കോഴിക്കോട് ജില്ലാ ഭരണകൂടവും ഇത്തരമൊരു നിർദ്ദേശം മുന്നോട്ടുവച്ചതായി അറിയുന്നു. മുഖ്യമന്ത്രി വിളിച്ചുകൂട്ടിയ ദേശീയപാതാ വികസനം സംബന്ധിച്ചുള്ള ആലോചന യോഗത്തിലും ഈ നിർദ്ദേശം മുന്നോട്ടുവച്ചിട്ടുണ്ട്. ആയതിനാൽ അടിയന്തിരമായി ഇക്കാര്യത്തിൽ തീരുമാനം കൈക്കൊള്ളണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നു.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. വടകര-കൊയിലാണ്ടി ഭാഗത്ത് സ്ഥലമേറ്റെടുക്കാൻ സാധിക്കാത്തത് നാഷണൽ ഹൈവേ-17-ന്റെ വികസനത്തെ സാരമായി ബാധിച്ചിരിക്കുകയാണ് ഒരു പ്രശ്നപരിഹാരത്തിനുവേണ്ടി അദ്ദേഹമുൾപ്പെടെ നിയമസഭാംഗങ്ങളുടെയും ഉദ്യോഗസ്ഥമാരുടെയും ഒരു യോഗം ഇന്ന് 2 മണിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ചേംബറിൽ വിളിച്ചിട്ടുണ്ട്. ഇത് സോർട്ട്

ഔട്ട് ചെയ്യും. കഴിയുമെങ്കിൽ എലിവേറ്റഡ് ഹൈവേതന്നെ സ്ഥാപിക്കുന്നതിന് തീരുമാനിക്കും.

## തെരുവുനായ്ക്കളുടേയും പേവിഷ ബാധയുള്ള നായ്ക്കളുടേയും നിയന്ത്രണം

ശ്രീ. രാജു എബ്രഹാം: സർ, കേരളം മുഴുവൻ നേരിടുന്ന ഒരു ഗുരുതരമായ പ്രശ്നമാണ് സഭയുടെ ശ്രദ്ധയിൽകൊണ്ടുവരുന്നത്. 16-ാം തീയതിയിലെ 'ദീപിക'യിലെ വാർത്തയാണ്, കുമളി കുളത്തുപ്പാലത്തിനുസമീപം റോഡരികിൽ കിടന്നുറങ്ങുകയായിരുന്ന വയോധികന്റെ മുഖം തെരുവുനായ്ക്കൾ കടിച്ചുകീറി തിന്നു. മൂക്ക്, ചുണ്ട്, കവിൾ തുടങ്ങി ശരീരത്തിന്റെ പലഭാഗങ്ങളും നായ്ക്കൾ കടിച്ചുകീറി. പോലീസ് വാഹനം നിറുത്തി നായ്ക്കളെ തുരത്താനിറങ്ങിയ പോലീസിനുനേരെയും ഇവ പാഞ്ഞടുത്തു. ഇന്നത്തെ മാതൃഭൂമി പത്രത്തിലെ വാർത്തയാണ്, തിങ്കളാഴ്ച രാത്രി 11 മണിയോടുകൂടി തിരുവനന്തപുരം സിറ്റിയിൽ പട്ടത്ത് ഒരു ബൈക്കിനെ തെരുവുനായ്ക്കൾ ചേസ് ചെയ്തു. ബൈക്കോടിച്ചിരുന്ന അരുൺ ഡിവൈഡറിൽ തട്ടി വീണുമരിച്ചു. എം.എൽ.എ. ഹോസ്റ്റലിൽ നൂറിലധികം തെരുവുനായ്ക്കളുണ്ട്. നിയമസഭാ മന്ദിരത്തിനകത്ത് മുറ്റത്തിടുന്ന വാഹനങ്ങളുടെ അടിയിൽ മുഴുവൻ തെരുവുനായ്ക്കളാണ്. ഇക്കണക്കിനു പോയിക്കഴിഞ്ഞാൽ ആകെ ജനസംഖ്യയേക്കാൾ കൂടുതൽ തെരുവുനായ്ക്കൾ വരുന്ന അഞ്ചുവർഷക്കാലത്തിനുള്ളിൽ കേരളത്തിലുണ്ടാകും. സുപ്രീം കോടതി വിധിയും അതോടൊപ്പം മേനകാ ഗാന്ധിയുടെ നടപടികളും അവിടെ നിൽക്കട്ടെ. ഇതിനെ മറികടക്കാൻ വളരെ ഗൗരവമായി, നിയമനിർമ്മാണമുൾപ്പെടെ ആലോചിക്കണം, നടപടി സ്വീകരിക്കണം. വളരെ അടിയന്തിരമായി ഈ വിഷയം ഏറ്റെടുക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, ഇത് കേരളത്തിലെ ഏറ്റവും വലിയൊരു പ്രശ്നമാണ്. സംസ്ഥാനത്ത് തെരുവുനായ്ക്കളുടെ ശല്യം വളരെയേറെ വർദ്ധിച്ചുവ

രുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തെരുവുനായ്ക്കളുടെ അനിയന്ത്രിതമായ വർദ്ധനവും ശല്യവും മനുഷ്യജീവനുതന്നെ ഭീഷണിയായി മാറുന്ന സാഹചര്യത്തിൽ അവയെ നിയന്ത്രിക്കേണ്ടത് ആവശ്യമാണ്. തെരുവുനായ്ക്കളുടെ നിയന്ത്രണം പഞ്ചായത്തുകളുടെ അനിവാര്യ ചുമതലയായതിനാൽ എല്ലാ പഞ്ചായത്തുകളും തെരുവുനായാ നിയന്ത്രണ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നുണ്ട്. തെരുവുനായ്ക്കളെ കൊല്ലുന്നത് ബഹുമാനപ്പെട്ട സുപ്രീം കോടതി 2009-ലെ ഒരു കേസ്സിലെ ഉത്തരവിൻപ്രകാരം തടഞ്ഞിരിക്കുകയാണ്. മൃഗങ്ങളോടുള്ള ക്രൂരതയും നായ്ക്കളെ കൊല്ലുന്നതും Prevention of Cruelty to Animal Act, 1982 പ്രകാരവും ഭരണഘടന അനുസരിച്ചും ശിക്ഷാർഹമായ കുറ്റങ്ങളാണ്. കേന്ദ്ര സർക്കാരിന്റെ 2001-ലെ അനിമൽ ബെർത്ത് കൺട്രോൾ റൂൾസ് പ്രകാരം അനിമൽ വെൽഫെയർ ബോർഡ് നടപ്പാക്കുന്ന അനിമൽ ബെർത്ത് കൺട്രോൾ പ്രോഗ്രാം, ആന്റിറാബീസ് പ്രോഗ്രാം എന്നിവ ഫലപ്രദമായി നടപ്പിൽവരുത്തുവാൻ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനാവശ്യമായ പ്രചാരണം സർക്കാർ മാധ്യമങ്ങൾമുഖേനയും നടത്തിയിട്ടുണ്ട്. ഇക്കാര്യം സമയബന്ധിതമായി നടപ്പിൽവരുത്താൻ വകുപ്പദ്ധ്യക്ഷൻമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പേവിഷബാധ നിയന്ത്രണം സംബന്ധിച്ച് സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽകൂടി ഒരു പൈലറ്റ് പ്രോജക്ട് നടപ്പിലാക്കുന്നതിനായി മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ നേതൃത്വത്തിൽ ഒരു സംസ്ഥാനതല കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പേവിഷബാധ നാൾക്കുനാൾ ഏറിവരുന്ന സാഹചര്യത്തിൽ അനിമൽ ബെർത്ത് കൺട്രോൾ പ്രോഗ്രാം, ആന്റിറാബീസ് പ്രോഗ്രാം എന്നിവ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. പേവിഷബാധയ്ക്കെതിരെയുള്ള ഐ.ഡി.ആർ.വി., എ.ആർ.വി. മരുന്നുകൾ സൗജന്യമായി സർക്കാർ ആശുപത്രികൾ വഴി വിതരണം ചെയ്യുന്നുണ്ട്.

ശ്രീ. രാജു എബ്രഹാം: ഇവയെ കൊല്ലാൻ നടപടി സ്വീകരിക്കണം.

ഡോ. എം. കെ. മുനീർ: സർ, തെരുവുനായ്ക്കളെ കൊല്ലാൻ നടപടി സ്വീകരിച്ച ഒരു പഞ്ചായത്ത് പ്രസിഡന്റ് ഇപ്പോൾ കോടതി കയറിയിറങ്ങു കയാണ്. കോടതിവിധിക്കെതിരെ എന്തെങ്കിലും ചെയ്യണമെങ്കിൽ ബഹുമാ നപ്പെട്ട മെമ്പർ പറഞ്ഞതുപോലെ നിയമനിർമ്മാണത്തെക്കുറിച്ച് നമ്മൾ ആലോചിക്കണം. ഇക്കാര്യത്തെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയു മായി സംസാരിക്കുന്നതാണ്. അല്ലാതെ ഇന്നത്തെ സ്ഥിതിയിൽ നിയമമനു സരിച്ചും കോടതിവിധിയുടെ അടിസ്ഥാനത്തിലും തെരുവുനായ്ക്കളെ കൊല്ലാൻ കഴിയില്ലെന്നത് എല്ലാവർക്കും അറിയാവുന്നതാണ്. ഗവൺമെന്റിന് കോടതിവിധിയുടെയും നിയമത്തിന്റെ അടിസ്ഥാനത്തിലും മാത്രമേ പ്രവർത്തിക്കാൻ സാധിക്കൂ.

ശ്രീ. തോമസ് ചാണ്ടി: ശ്രീ. മാത്യൂ ടി. തോമസിന്റെ മകളെ രണ്ടുത വണ പട്ടി കടിച്ചു.

ഡോ. എം. കെ. മുനീർ: എന്നെത്തന്നെ കടിക്കാൻ വന്നിട്ടുണ്ട്.. അതിന് മന്ത്രിയെന്നോ എം.എൽ.എ. എന്നോ അറിയില്ലല്ലോ. ഇപ്പോൾ ആരെയും കടിക്കുന്ന അവസ്ഥയുണ്ട്. ഞാനടക്കം ഈ നിയമത്തിന്റെ കീഴിലായതുകൊണ്ട് അതനുസരിച്ചേ നിൽക്കാൻ സാധിക്കൂ. അത് മാറണ മെങ്കിൽ നിയമസഭ ആലോചിക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി ആലോചിച്ച് ഇക്കാര്യത്തിൽ......

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, അനിമൽസിനെ കൊല്ലു ന്നതിന്റെ നിയമതടസ്സം പറഞ്ഞു. അപ്പോൾ പശുക്കളുടെയും ആടുക ളുടെയും എരുമ, പോത്ത് ഇതിന്റെയെല്ലാം കാര്യം ഏത് നിയമത്തിലാണ് വരുന്നത്? എനിക്ക് അറിയാൻ പാടില്ലാത്തതുകൊണ്ട് ചോദിക്കുന്നതാണ്.

ഡോ. എം. കെ. മുനീർ: സർ, ഇപ്പോഴത്തെ നിയമമനുസരിച്ച് പട്ടികളെ കൊല്ലുന്നതു സംബന്ധിച്ചിട്ടാണ് ഒരു കോടതിവിധി നിലവിലുള്ളത്. അതുകൊണ്ടാണ് ഞാൻ പറഞ്ഞത്.

മി. സ്പീക്കർ: യെസ്... സമയബന്ധിതമായി സബ്മിഷനുകൾ തീർക്കാൻ അംഗങ്ങൾ, ബഹുമാനപ്പെട്ട മന്ത്രിമാർ എല്ലാവരും സഹകരിച്ചതിൽ സഭയ്ക്ക് സന്തോഷമുണ്ട്.

(മേശപ്പുറത്തുവയ്ക്കുന്ന കടലാസുകൾ)

* * * * * * * * * * * * * * *